# രാജർഷി

പുസ്തകം 8 | 1117 കന്നി. | ലക്കം 2

## മംഗളം.

—:*:—

ആരീ മാസികതൻമനോഹരമതാം
പേരിന്നൊരാധാരമായ്
പാരിൽപ്പാർത്ഥിവസൽഗ്ഗുണങ്ങളഖിലം
ചേർന്നേറെ വിഖ്യാതനായ്,
ആ രാജർഷിവരേണ്യനിന്നുമുലകിൽ
സൽക്കീർത്തിയാം ദേഹമൊ-
ത്താരാദ്ധ്യൻ ജനതയ്ക്കുവാച്യമഹിമാ-
വെങ്ങും ലസിപ്പൂ സദാ.

പി. വാസുദേവൻ നമ്പീശൻ.

## നമ്മുടെ ചിത്രമെഴുത്ത്.

“ചിത്രമെഴുത്ത് എല്ലാ കലകളിലുംവെച്ച് ഉത്തമമായിട്ടുള്ളതാകുന്നു. അത് ധർമ്മം, സന്തുഷ്ടി, സമ്പത്ത്, നിർവൃതി എന്നിവയിലേക്കു നമ്മെ നയിക്കുന്നു. ഒരു ഗൃഹത്തിൽ സ്ഥാപിക്കപ്പെടുമ്പോൾ അതു നമുക്കു പരമാനന്ദം നല്കുന്നു” എന്നിങ്ങനെയാണ് ഒരു * പ്രാചീനഗ്രന്ഥത്തിൽ പറഞ്ഞിരിക്കുന്നത്. ക്രിസ്താബ്ദത്തിന്റെ പ്രാരംഭശതകങ്ങളിൽ ചിത്രമെഴുത്ത് ഇന്ത്യയിൽ വളരെ അഭിവൃദ്ധിയെ പ്രാപിച്ചിരുന്നു.

* Vishnudharmottara, ch. 43. v. 38.

നമ്മുടെ നാട്ടിൽ പലഭാഗങ്ങളിൽനിന്നും ചരിത്രകാലത്തിനുമുമ്പുള്ള ചിത്രങ്ങൾ കണ്ടെടുക്കപ്പെട്ടിട്ടുണ്ട്. പിൽക്കാലത്തു ചിത്രകലക്കുണ്ടായ പ്രോത്സാഹനത്തിനു ഇവ പ്രേരകമായിത്തീർന്നിരിക്കണം. സുപ്രസിദ്ധമായ അറുപത്തിനാലു കലാവിദ്യകളിൽ ആലേഖ്യകലയ്ക്കുള്ള പ്രാധാന്യം അപ്രതിമമാണ്. ബാലികമാർ ഏതാദൃശകലകളിൽ വൈദഗ്ധ്യം സമ്പാദിക്കേണ്ടതാണെന്നു വാത്സ്യായനൻ 'കാമസൂത്ര'ത്തിൽ പറഞ്ഞിരിക്കുന്നു. * ക്രി. പി. നാലാം നൂറ്റാണ്ടിൽ നിർമ്മിതമായ വിഷ്ണുപുരാണത്തിൽ എട്ടദ്ധ്യായങ്ങൾ ചിത്രമെഴുത്തിനെ സംബന്ധിച്ച കാര്യങ്ങൾ പ്രതിപാദിക്കുന്നതിനുവേണ്ടി വിനിയോഗിച്ചിരിക്കുന്നു എന്ന വസ്തുത പരേതനായ ഡാക്ടർ ബൂലർ പണ്ഡിതലോകത്തിൻെറ ശ്രദ്ധയിൽ കൊണ്ടുവന്നു. * അതുപോലെ ചിത്രകലയെ ആസ്പദമാക്കി രചിക്കപ്പെട്ടിട്ടുള്ള അസംഖ്യം ഗ്രന്ഥങ്ങൾ അടുത്തകാലത്തു പ്രസാധനംചെയ്യപ്പെട്ടിരിക്കുന്നു. കൌടില്യൻെറ അർത്ഥശാസ്ത്രം, വാല്മീകിയുടെ രാമായണം, ഭരതൻെറ നാട്യശാസ്ത്രം, ഭാസൻെറ സ്വപ്നവാസവദത്തം, കാളിദാസൻെറ മാളവികാഗ്നിമിത്രം, വിശാഖദത്തൻെറ മുദ്രാരാക്ഷസം, ഭവഭൂതിയുടെ ഉത്തരരാമചരിതം ആദിയായ ഗ്രന്ഥങ്ങൾ ചിത്രമെഴുത്തിനെക്കുറിച്ചു നമ്മുടെ പൂർവ്വികന്മാർക്കുണ്ടായിരുന്ന താല്പര്യത്തെ വിശദമാക്കുന്നു. ചാലൂക്യവംശത്തിലെ സോമദേവൻ തൃതീയനാൽ പന്ത്രണ്ടാം ശതവർഷത്തിൽ നിർമ്മിക്കപ്പെട്ട അഭിലഷിതാർത്ഥചിന്താമണി, കേരളീയനായ ശ്രീകുമാരനാൽ നിർമ്മിക്കപ്പെട്ട ശിവതത്വരത്നാകരം എന്നിവ ചിത്രമെഴുത്തിനെപ്പററി അനേകം വിവരങ്ങൾ നൽകുന്നുണ്ട്. മതപരമായ കഥകളെ മരത്തിലും ശിലയിലും ഓലഗ്രന്ഥങ്ങളിലും ചിത്രീകരിച്ചുവന്നു. കൊത്തുചിത്രങ്ങൾ നിർമ്മിക്കുന്നതിനാണ് മരം, ശില ആദിയായവയെ ഉപയോഗിച്ചിരുന്നത്. അവയെ പ്രതിമാശില്പങ്ങൾ എന്നു പറഞ്ഞുവരുന്നു. ഭിത്തികളിലും ഓലഗ്രന്ഥങ്ങളിലും ചായംകൊണ്ടു മോഹനചിത്രങ്ങൾ ഉണ്ടാക്കുന്നതിൽ പണ്ടുള്ളവർ പ്രത്യേകം ശ്രദ്ധ പതിപ്പിച്ചിരുന്നു. ഓലഗ്രന്ഥങ്ങളിലെ ചിത്രങ്ങളെപ്പററി പുരാതത്വഗവേഷകൻ ഡാക്ടർ ഹീരാനന്ദശാസ്ത്രി അഞ്ചുകൊല്ലംമുമ്പു ബറോഡാ ആർക്കിയാളജി ഡിപ്പാർട്ടുമെൻറു വകയായി ഒരു ഗ്രന്ഥം പ്രസിദ്ധപ്പെടുത്തുകയുണ്ടായി.

ഭാരതത്തിലെ പുരാതന വസ്തുഗവേഷകന്മാരുടെ ശ്രദ്ധയെ പ്രത്യേകം ആകർഷിച്ചിട്ടുള്ളവയാണ് ഭിത്തിചിത്രങ്ങൾ. ആന്ധ്രരാജാക്കന്മാ

*) Indian Antiquary, vol xix. pp. 381 ff.

(*) Gaekwad's Archaeological Series. No. 1. p. 1. L
Indian Painting by Percy Brown.

രുടെ പ്രതാപകാലമായ ക്രി. മു. രണ്ടാം നൂററാണ്ടുമുതൽക്കുള്ള ഭിത്തിചിത്രങ്ങൾ കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. അവയിൽ അജന്താ, ബാഘ്, ബാദാമി, സിത്താന്നവാശൽ, കാഞ്ചീപുരം, തഞ്ചാവൂർ, എല്ലോറാ, നാത്താമല, സോമപാളയം, തിരുമല, പത്മനാഭപുരം എന്നീ സ്ഥലങ്ങളിലെ ഭിത്തിചിത്രങ്ങൾ പണ്ഡിതലോകത്തിൻെറ പ്രത്യേകമായ പരിഗണനയ്ക്കു പാത്രമായിട്ടുള്ളവയത്രേ.

പ്രാചീനക്ഷേത്രങ്ങളിൽ കൊത്തുപണിയോ ഭിത്തിചിത്രമോ ഇല്ലാത്തഭാഗം കാണുക വിഷമം. വാസ്തുശില്പത്തിൻേറയും പ്രതിമാശില്പത്തിൻേറയും ഭിത്തിചിത്രത്തിൻേറയും അഭയസ്ഥാനങ്ങളായിരുന്നു പണ്ടത്തെ ദേവാലയങ്ങളും രാജകീയമന്ദിരങ്ങളും. പുരാതനഭവനങ്ങളിലും ഇവയ്ക്കു പ്രാധാന്യം നൽകിയിരുന്നു. പത്മനാഭപുരത്തെ നീരാഴിക്കെട്ടു കൊട്ടാരത്തിൻെറ ശില്പവൈചിത്ര്യം അവർണ്ണനീയമാണ്. അതു കാണുമ്പോൾ നമ്മുടെ വാസ്തുശില്പമഹിമയെക്കുറിച്ചു അത്യധികം അഭിമാനം തോന്നാതിരിയ്ക്കയില്ല. കരിങ്കല്ലിലും മരത്തിലും കൊത്തുപണികൾ ചെയ്യുന്നതിൽ പണ്ടുള്ളവർ പ്രദർശിപ്പിച്ചിരുന്ന പാടവം നിസ്തുല്യമായിരുന്നു. രാമായണകഥ മുഴുവൻ മരത്തിൽ കൊത്തിവച്ചിട്ടുള്ളതു് ഇന്നും കൽക്കുളം രാമസ്വാമികോവിലിൽ കാണ്മാനുണ്ട്. ശ്രീകൃഷ്ണചൈതന്യസ്വാമികളെപ്പോലും ആകർഷിച്ച തിരുവട്ടാർ ആദികേശവപ്പെരുമാൾ ക്ഷേത്രത്തിൽ കാണപ്പെടുന്ന രതിമന്മഥവിഗ്രഹങ്ങൾ ഉത്തമമായ പ്രതിമാശില്പങ്ങൾ ആകുന്നു. അവിടത്തെ ശ്രീകോവിലിൻേറയും ശ്രീകൃഷ്ണാലയത്തിൻേറയും ഭിത്തികളിൽ കാണപ്പെടുന്ന പൌരാണികചിത്രങ്ങൾ അതിരമണീയങ്ങളാണ്. ആഗമങ്ങളിൽ വിധിക്കപ്പെട്ടിട്ടുള്ള പ്രകാരം ഹൃദ്യങ്ങളായ പുരാണസംഭവങ്ങളേയും ധ്യാനരൂപങ്ങളേയുമാണ് അവിടെ ചിത്രീകരിച്ചിട്ടുള്ളതു്.

വാത്സ്യായനൻെറ കാമസൂത്രം വ്യാഖ്യാനിച്ച യശോധരൻ ചിത്രകലയുടെ മൂലതത്വങ്ങളായി താഴെ പറയുന്നവയെ ചൂണ്ടിക്കാണിക്കുന്നു. 1. രൂപഭേദം. 2. പ്രമാണം. 3. ഭാവം. 4. ലാവണ്യയോജന. 5. സാദൃശ്യം. 6. വാർണ്ണികഭംഗം. ചിത്രത്തിൻെറ ലക്ഷണം, വകഭേദങ്ങൾ മുതലായവയെ പ്രാചീനകൃതികളിൽ വിശദമാക്കിയിട്ടുണ്ട്.

"ജംഗമസ്ഥാവരം വാപി
യേ സന്തി ഭുവനത്രയേ
തേഷാം സ്വഭാവസ്തദ്വേത്
കരണം ചിത്രമുച്യതേ.
ചിത്രശില്പസർവ്വാംഗദൃശ്യ
കരണം ചിത്രമിത്യഭിധീയതേ."

മൂന്നു ലോകങ്ങളിലും സ്ഥാവരങ്ങളും ജംഗമങ്ങളുമായ വസ്തുക്കളുടെ നൈസർഗ്ഗികവും വിശ്വാസയോഗ്യവുമായ പകർപ്പാണ് ചിത്രം. എല്ലാ ഭാഗത്തുനിന്നും കാണാവുന്ന പ്രതിമകൾ മുതലായവയെ ചിത്രമെന്നും ഏതാനും ഭാഗം മാത്രം കാണാവുന്ന ഭിത്തിചിത്രങ്ങൾ മുതലായവയെ അർദ്ധചിത്രം എന്നും പറഞ്ഞിരുന്നു. ഈ രണ്ടുവകയും മണ്ണ്, ചുണ്ണാമ്പ്, മരം, കരിങ്കല്ല്, ഇഷ്ടിക, ലോഹം ഇവയുടെ സഹായത്തോടുകൂടി ഉണ്ടാക്കിവന്നു.

''സാദൃശ്യം ദൃശ്യതേ യസ്മിൻ
ദർപ്പണേ പ്രതിബിംബവത്
ചിത്രാഭാസമിതിഖ്യാതം
തസ്യ ആലോചനം സ്മൃതം
ധൂലിചിത്രം പുഷ്പചിത്രം
രസചിത്രമിതി ത്രിധം
രസലിപ്തം ചിരസ്ഥായീ
സർവ്വേഷാമതിരിച്യതേ''

ഒരുവസ്തു കണ്ണാടിയിൽ പ്രതിബിംബിക്കുന്നതുപോലത്തെ പ്രതീതിയുണ്ടാക്കുന്ന ചിത്രം ചിത്രാഭാസം. അതു് ധൂലിചിത്രം, പുഷ്പചിത്രം രസചിത്രം എന്നിങ്ങനെ മൂന്നുവിധത്തിലാകാം. വളരെക്കാലം നിലനിൽക്കുന്നതുമൂലം ഒടുവിലത്തേതിനാണ് ഇതിൽ കൂടുതൽ പ്രാധാന്യം. ഒരു വസ്തുവിൻെറ ഏതാനും ഭാഗംമാത്രം കാണിക്കുന്ന അർദ്ധചിത്രം, ചിത്രാഭാസത്തിൽ ഉൾപ്പെടും. അതു് മുൻ പദ്യത്തിൽ കാണിച്ചപ്രകാരം മൂന്നുവിധം. ജലത്തിൻെറ ഉപരിതലത്തിൽ പൂക്കൾ, ഇലകൾ, തളിരുകൾ മുതലായവകൊണ്ടു പുഷ്പചിത്രം ഉണ്ടാക്കുന്നു. തൂണി, പലക, ഭിത്തി, തട്ടിൻപുറം എന്നിവയിൽ വെള്ളം കലന്ന ചായത്താൽ നിർമ്മിക്കപ്പെട്ടുന്നവയാണ് രസചിത്രങ്ങൾ. കളമെഴുത്ത് കോലമിടൽ മുതലായവ ധൂളിചിത്രങ്ങളാകുന്നു. ഏതൽകലയിൽ മലബാറിലെ കല്ലാട്ടുകുറുപ്പന്മാരെപ്പോലെ പ്രശസ്തിനേടിയ ചില കുടുംബക്കാർ തെക്കൻ തിരുവിതാംകൂറിൽ ഉണ്ട്. പ്രോത്സാഹനാഭാവംമൂലം ഇത്തരം ദേശീയകലകൾ അധഃപതിച്ചുവരുന്നു. കാററു് ധൂളിചിത്രത്തെ നശിപ്പിക്കുന്നു. പൂവ് വാടുമ്പോൾ പുഷ്പചിത്രം ചീത്തയാകുന്നു. രസചിത്രം ചിരസ്ഥായിയാണ്. കലാകാരൻ ആഗ്രഹിക്കുന്നവിധം വിവിധവികാരങ്ങൾ പ്രകടിപ്പിക്കുന്നതിന് രസചിത്രത്തിൽ സാധിക്കും. മററുള്ളമാതിരി ചിത്രങ്ങളിൽനിന്നും രസചിത്രത്തിനു പ്രത്യേകമായിട്ടുള്ള മെച്ചം അതാണ്.

''മൃദാലിപ്തസ്സിദ്ധഭിത്തൗ
യുക്തവല്ലെണ്ണവിലേപയേൽ

ചിത്രം വിചിത്രഫലദം
കർത്തൃഭർത്തൃശ്ച സൌഖ്യദം”

എഴുതിയവനും എഴുതിച്ചവനും ഒരുപോലെ ഫലപ്രദമായിരിക്കണമെങ്കിൽ അനുയോജ്യമായ നിറങ്ങളിൽ മണ്ണു പൂശി മൃദുവാക്കിയ ഭിത്തിയിൽ വരയ്ക്കണം. ചിത്രം വരയ്ക്കാനുള്ള ചുവർ എപ്രകാരമുള്ളതായിരിക്കണമെന്നും * ശില്പരത്നകാരൻ വിവരിച്ചു കാണുന്നു. വിധിപ്രകാരം സജ്ജമാക്കപ്പെടുന്ന ചിത്രങ്ങൾ വളരെക്കാലം നിലനിൽക്കുമെന്നുള്ളതിന്നു പത്മനാഭപുരം കൊട്ടാരത്തിലുള്ളവ തെളിവു നൽകുന്നു.

ചിത്രമെഴുത്തിനു വേണ്ട ഉപകരണങ്ങളും ചായങ്ങളും ഉണ്ടാക്കേണ്ട വിധങ്ങൾ ശില്പരത്നം, അംശുമദ്ഭേദാഗമം മുതലായ സംസ്കൃത ഗ്രന്ഥങ്ങളിൽ വർണ്ണിച്ചിരിക്കുന്നു. ചിത്രങ്ങളുടെ പ്രാഥമികരൂപങ്ങൾ വരയ്ക്കാനുള്ള പെൻസിലുകൾക്കു കിട്ടലേഖനികൾ എന്നാണു പേർ. സന്മുഹൂർത്തത്തിൽ ദീർഘാലോചനക്കു ശേഷമേ ആദ്യമായി ചിത്രമെഴുത്തു തുടങ്ങാൻ പാടുള്ളു. ചുവപ്പ്, മഞ്ഞ, നീലം, വെളുപ്പ്, കറുപ്പ് എന്നിവയാണ് ഇവിടത്തെ തനി നിറങ്ങൾ. ഇവയിൽ ആദ്യത്തെ രണ്ടും നദികളിൽനിന്നും ഗിരികളിൽനിന്നും കിട്ടുന്ന ഒരുതരം മണ്ണുതന്നെയാണ്. ഓരോ ചായവും ഇന്നിന്ന പശയിൽ ചാലിക്കണമെന്നു പ്രത്യേകം നിർദ്ദേശിച്ചിരിക്കുന്നു. സങ്കീർണ്ണവർണ്ണങ്ങൾ, തൂലികകൾ മുതലായവ നിർമ്മിക്കേണ്ട രീതിയും പ്രസ്തുത ഗ്രന്ഥങ്ങളിൽ വിവരിക്കപ്പെട്ടിട്ടുണ്ട്. “മെഴുകും തെള്ളിയും അരക്കും ചൂടുതട്ടുമ്പോൾ ഉരുകുന്നവയും തണുക്കുമ്പോൾ ഉറയ്ക്കുന്നവയും ചെയ്യുന്ന പദാർത്ഥങ്ങളാകയാൽ അവയെ ചായങ്ങളിൽ ചേർത്തു ലേപനക്രിയക്കു ഉപയോഗിക്കുന്നു. ചായില്യം, മനയോല, അമരിച്ചെടിയുടെ ഇലകൊണ്ടുണ്ടാക്കുന്ന നീലം, ചപ്പങ്ങക്കാതൽ കഷായംവെച്ചുണ്ടാക്കുന്ന മഞ്ജിഷ്ഠാവർണ്ണം മുതലായ ചായങ്ങളെ അരക്കിൽ ചേർത്തു പലനിറത്തിലുള്ള ചായക്കൂട്ടുകൾ ഉണ്ടാക്കിവില്ല്, അമ്പ്, വാളുറ, പരിച മുതലായ യുദ്ധസാമഗ്രികൾക്കും പെട്ടി, കട്ടിൽ, പല്ലക്ക്, മേനാവ്, മഞ്ചൽ, ഭിത്തി, ഉത്തരം, തൂണ്, തട്ട്, തുലാം, കൊത്തുപാവകൾ മുതലായവക്കും നിറംപിടിപ്പിച്ചു ഭംഗി വരുത്തിയിരുന്നു” എന്നിങ്ങനെ പ്രസ്താവിച്ചുകാണുന്നു.

കലാബോധം മനുഷ്യസമൂഹത്തിന്റെ ശ്രേഷ്ഠനാഗരികത്തിൽ അവിഭാജ്യമായ ഒരു ഘടകമാണ്. പാശ്ചാത്യസംസ്കാരം നമ്മിൽ വലിയ പരിവർത്തനങ്ങൾ വരുത്തിയശേഷവും, നമ്മുടെ ദേശീയബോധ

* ശില്പരത്നം ഒന്നാംഭാഗം, വശങ്ങൾ 244—258.

ത്തെ വളത്തിക്കൊണ്ടിരിക്കുന്നതു കലകളാകുന്നു. ആലക്തികദീപങ്ങൾ എത്രമാത്രം സാവ്ത്രികമായിത്തീന്നാലും നിലവിളക്കിൻെറ മേന്മയ്ക്കു് ഹാനിയുളവാകുന്നതല്ല. നമ്മുടെ പൂവ്വികന്മാർ ദിനംപ്രതി ഉപയോഗിച്ചുവന്ന സാധനങ്ങൾ ഓരോന്നും അവരുടെ കലാവാസനയെ സുവ്യക്തമാക്കുന്നു. മേഘമണ്ഡലങ്ങൾക്കപ്പുറം കതിരവകിരണങ്ങളേററു തങ്കമയമായ് പ്രോജ്വലിയ്ക്കുന്ന ഹിമാലയഗിരിയേയും നീലക്കടലിലെ അലകളടിച്ചു വെൺനുര വിതറി ഭാരതമാതാവിൻെറ മോഹനപാദങ്ങളെ പ്രക്ഷാളനംചെയ്തുകൊണ്ടിരിക്കുന്ന വിധം ദശ്നമരുളുന്ന കന്യാകുമാരിയേയും ഇവയ്ക്കു നടുവിൽ അസംഖ്യം പുണ്യവാഹിനികളേയും കുന്നുകളേയും വനങ്ങളേയും വഹിച്ചുകൊണ്ടു ലോകാനുഗ്രഹവ്യഗ്രയായി വത്തിക്കുന്ന നമ്മുടെ ജന്മഭൂമിയേയുംകാൾ കലാസമ്പന്നമായിട്ടു മറെറന്താണുള്ളതു്? പുത്തനായിട്ടൊന്നും സമ്പാദിച്ചില്ലെങ്കിലും ഉള്ളതിനെ കളയാതെ സൂക്ഷിക്കയാണു് നമ്മുടെ കത്തവ്യം.

വിദ്വാൻ വി. ആർ പരമേശ്വരൻ പിള്ള, ഓ. ഒ. എൽ.

## "പ്രാത്ഥനാഷ്ടകം."

സ്വസ്തിശ്രീ, ഭുവി വിശ്രുതാം'ഗ്വ' മഹാസാമ്രാജ്യസംപൽസമാ-
ശ്ലിഷ്ടഃ,ശിഷ്ടഗുണാഗ്രണീ,ന്നരവരശ്രേണീവിഭൂഷാമണിഃ
ദിഷ്ട്യാ, "ജോജ്ജ"നരാധിപോ, വിജയതേ ഷഷ്ഠോ,ഗരിഷ്ഠാശയഃ
പുഷ്ടോൽകഷ, മഖണ്ഡഭൂരിമഹിമാ ഭൂമണ്ഡലാഖണ്ഡലഃ 1

സത്യം,ധമ്മം,സ്വകൃത്യം മഹിതജനഹിതം "രാജ്യതന്ത്ര"സ്യ തത്വം
ബുധ്വാ, സശ്രദ്ധ,മേതജ്ജഗതിബഹുജനക്ഷേമസംരക്ഷണാത്ഥം
ചണ്ഡോദ്ദണ്ഡപ്രകാണ്ഡാന്യധിരണമധികം ഖണ്ഡയൻ ധീരധീരം
ധത്തേ തന്മൂദ്ധ്നി സോയം പദമിഹ,തിമിരാന്മാഥിഭാനുപ്രതാപഃ. 2

അബ്ദദ്വന്ദ്വം, സമുജ്ജൃംഭിത വികടമഹായുദ്ധരംഗേഽദ്ഭുതാംഗേ
ബദ്ധശ്രദ്ധം വിദഗ്ദ്ധപ്രകടിതവിവിധധ്വംസനേഽഭൂതപൂവ്വേ,
യസ്യോച്ചണ്ഡപ്രഭാവഃ പ്രഥിതരിപുമഹാഘോരസംഘാതശക്തീഃ
ക്ഷുന്ദൻ,ഭിന്ദൻ, നിരുന്ധൻ, വിലസതി വിബുധശ്രേഷ്ഠസംശ്ലാഘ്യശക്തിഃ.

ഭക്താനാം സ്വപ്രജാനാം സമവനനിപുണസ്യാ, സ്യ, ശുഭ്രാതപത്ര-
ഛായാ,മാശ്രിത്യ ഭാഗ്യാ,ദഭയമിഹസുഖം നിവ്വിചാരം ഭവാമഃ

യൽസാമ്രാജ്യൈകശക്തിഃ സ്വയമസുവസുസംരക്ഷണേ ബദ്ധദീക്ഷാ
നോ ചേ, ജ്ജാഗത്തി ശത്രുക്ഷപണരണവിധൌ കാ, കഥാ സ്യാദിദാനീം!

തസ്മാ,ദസ്മൽസുഭാസ്വൽപ്രഥുലതരജഗൽപൂജ്യസാമ്രാജ്യലക്ഷ്മ്യാഃ
സർവ്വോൽകർഷേണ വിശ്വോത്തരവിജയമഹാസിദ്ധിലാഭായ നിത്യം,
ഭക്തിശ്രദ്ധാസമേതം, വയമിഹ,സകലാഃ സംഗതാ, രാജഭക്താ
ഭൂയോ,ഭൂയോ,നിബദ്ധാഞ്ജലിപുട,മഖിലാധീശ്വരം പ്രാർത്ഥയാമഃ. 5

ഏത, "മാംഗല" സാമ്രാജ്യം
സർവ്വരാജ്യസഭാജിതം
ചിരം, സ്വാരാജ്യസംകാശം
നിർജ്ജിതാരാതി, രാജതാം." 6

അസ്മാകം സാർവ്വഭൌമസ്യ
പ്രാജ്യസാമ്രാജ്യസംപദഃ
സർവ്വദാ വിജയോ ഭൂയാൽ
സർവ്വേശ്വരകൃപാബലാൽ. 7

സോയം"ജോർജ്ജ"മഹാരാജഃ
സാമ്രാജ്യശ്രീ വിരാജിതഃ
"എലിസബി", മാഖ്യാ വിഖ്യാത-
മഹാരാജ്ഞ്യാ, വിരാജതാം. 8

P. T. S. SASTERI,
A. K. T. K. M.

Desamangalam.

## വേദാന്തവും ശാസ്ത്രവും.

മനുഷ്യർ കണ്ണടച്ചു് എന്തും വിശ്വസിക്കുന്ന ഒരു കാലമുണ്ടായിരുന്നു. എന്നാൽ ആ കാലമെല്ലാം മാറിപ്പോയിരിക്കുന്നു. ഇതു സ്വതന്ത്രമായ ചിന്തയുടേയും പരീക്ഷണങ്ങളുടേയും കാലമാണു്. ഈ സ്വാതന്ത്ര്യബോധത്തിന്റെ പ്രധാനമായ ഒരു ലക്ഷണം വിവിധശാസ്ത്രങ്ങളുടെ ആന്തരമായ തത്വം കണ്ടുപിടിക്കുന്നതിൽ ആളുകൾ പ്രദർശിപ്പിച്ചുകാണുന്ന ഉത്സാഹംതന്നെയാണു്. ശാസ്ത്രകാരന്മാരുടെ നിരന്തരമായ പരീക്ഷണങ്ങളുടെ ഫലമായി എല്ലാ ശാസ്ത്രങ്ങളും ഒരു മൂലതത്വത്തിൽ നിന്നു് ഉണ്ടായതാണെന്നു് അവർക്കു് അനുഭവപ്പെട്ടിരിക്കുന്നു. രാഷ്ട്രങ്ങൾ തമ്മിലുള്ള എല്ലാ കലഹത്തിന്റേയും മൂലകാരണം അവർ അന്യോന്യം മനസ്സിലാക്കുവാൻ ശ്രമിക്കുന്നില്ലെന്നുള്ളതാണു്. പൌരസ്ത്യരുടെ ആത്മീയമായ സംരംഭങ്ങളുടെ ശരിയായ മതിപ്പു് പാശ്ചാത്യർക്കും, പാശ്ചാ

ത്ത്യരുടെ ശാസ്ത്രീയമായ വിജയങ്ങളെക്കുറിച്ചു ശരിയായ മതിപ്പ് പൌരസ്ത്യക്കും അടുത്തകാലംവരെ ഉണ്ടായിരുന്നില്ല. പ്രാചീന ആര്യന്മാർ അന്തഃസ്ഥിതമായ ആത്മീയലോകത്തിന്റെ വ്യാപാരങ്ങളെ സൂക്ഷ്മവീക്ഷണംചെയ്തു് ആ വഴിക്കു ജീവിതത്തിന്റെ പരമരഹസ്യം മനസ്സിലാക്കുവാൻ ശ്രമിച്ചുകൊണ്ടിരുന്നപ്പോൾ ഗ്രീക്കുകാരും അവരുടെ അനുയായികളായ പാശ്ചാത്യരും പ്രകൃതിയുടെ ബാഹ്യവ്യാപാരങ്ങളെ വിശകലനംചെയ്തു് അതുവഴി ആ തത്വം മനസ്സിലാക്കുവാൻ ശ്രമിച്ചുകൊണ്ടുവന്നു. വാസ്തവത്തിൽ ഇരുകൂട്ടരുടേയും പരീക്ഷണങ്ങളും എത്തിച്ചേരുന്നതു് ഒരേ പ്രാപ്യസ്ഥാനത്താണെങ്കിലും അടുത്ത കാലംവരെ ഇരുകൂട്ടരും അവരവരുടെ നേട്ടങ്ങളെ ഒത്തുനോക്കി അവയിൽ മറഞ്ഞുകിടക്കുന്ന ഐകരൂപ്യം മനസ്സിലാക്കുവാൻ ശ്രമിച്ചിട്ടില്ല. തൽഫലമായി ജീവിതപ്രശ്നങ്ങളെ സംബന്ധിച്ചുള്ള അഭിപ്രായഗതിയിൽ ഇരുകൂട്ടരും തമ്മിൽ ഭിന്നിച്ചുതന്നെ ഇരുന്നു.

ഇന്ത്യയെ സംബന്ധിച്ചു പറയുകയാണെങ്കിൽ ശാസ്ത്രതത്വങ്ങളും വേദാന്തതത്വങ്ങളും ഒരുകാലത്തും ഭിന്നങ്ങളായിരുന്നിട്ടില്ല. ശാസ്ത്രീയമായ സകല സംരംഭങ്ങളുടേയും ലക്ഷ്യം ആത്മീയമായിട്ടുള്ളതായിരുന്നു. പാശ്ചാത്യരുടെ ശാസ്ത്രീയമായ നേട്ടങ്ങൾ കേവലം ഭൌതികമായ ഉദ്ദേശത്തെ മുൻനിറുത്തി സമ്പാദിച്ചിട്ടുള്ളവയാണെന്നു പറയാതെ നിവൃത്തിയില്ല. മനുഷ്യനിൽ ലയിച്ചുകിടക്കുന്ന മൃഗീയതത്വത്തെ തട്ടിയുണൎത്തി, അവനെ പൈശാചികങ്ങളായ ആവേശങ്ങളുടെ അടിമയാക്കുന്ന ഈ നേട്ടങ്ങൾ ജീവിതത്തിന്റെ ആത്മീയമായ താല്പര്യങ്ങൾക്കെതിരായി വൎത്തിച്ചിട്ടുണ്ടെങ്കിൽ അതിൽ അത്ഭുതമില്ലല്ലൊ. എന്നാൽ ഇന്നു ഏററവും പ്രമാണികളായ പാശ്ചാത്യചിന്തകന്മാർകൂടി ഭൌതികശാസ്ത്രവും തത്വശാസ്ത്രവും ഭിന്നങ്ങളല്ലെന്നും രണ്ടും ഏകമായ വിജ്ഞാനഭണ്ഡാഗാരത്തിന്റെ അടുത്ത ബന്ധമുള്ള ശാഖകൾ മാത്രമാണെന്നും സമ്മതിച്ചുകാണുന്നതു് ആശ്വാസംതന്നെ. പൌരസ്ത്യരും പാശ്ചാത്യരും ആയ ശാസ്ത്രകാരന്മാരുടെ പരിശ്രമത്തിന്റെ ഫലമായി രണ്ടു ചിന്താഗതികളിലും ഉള്ള വ്യത്യാസങ്ങൾ ക്രമത്തിൽ കുറഞ്ഞുവന്നുകൊണ്ടിരിക്കുന്നു. വേദാന്തപ്രകാരമുള്ള ജീവിതത്തിന്റെ പരമരഹസ്യത്തിൽത്തന്നെയാണു ഭൌതികശാസ്ത്രവും ചെന്നവസാനിക്കുന്നതു് എന്നു സർ ഒലിവർ ലോഡ്ജ് തുടങ്ങിയ ശാസ്ത്രകാരന്മാർകൂടി സമ്മതിക്കുവാൻ തുടങ്ങിയിട്ടുണ്ടു്.

പരമമായ തത്വത്തിൻെറ യഥാൎത്ഥരൂപത്തെ സംബന്ധിച്ചാണു രണ്ടു കക്ഷിക്കാരും തമ്മിൽ ഇതുവരെ ശണ്ഠകൂടിയിരുന്നതു്. എന്നാൽ ആ പരമമായ തത്വം ഏതാണെന്നും അതിൻെറ സ്വഭാവം എന്താണെന്നും തെളിയിക്കുന്ന ഒരു ശാസ്ത്രമുണ്ടെങ്കിൽ അതു വേദാന്തശാസ്ത്രമാണെന്നു എല്ലാവരും സമ്മതിച്ചുകഴിഞ്ഞിരിക്കുന്നു. ഈശ്വരൻ, ആത്മാവ് പ്രപഞ്ചം ആദിയായ വിഷയങ്ങളെക്കുറിച്ചുള്ള പ്രശ്നങ്ങൾക്കു തക്ക സമാധാനം നൽകുന്ന ഒരേ ഒരു ശാസ്ത്രമാണു വേദാന്തശാസ്ത്രമെന്നും സൎവ്വരും സമ്മതിച്ചിരിക്കുന്നു. കാരണങ്ങൾക്കുകൂടി മൂലകാരണമായ ആ പരമതത്വം സാക്ഷാൽ ഈശ്വരനാണെന്നും, മനുഷ്യരുടെ ഭിന്നങ്ങളായ അനുഭവങ്ങൾ ആ ഏകശക്തിയുടെ പ്രകാരഭേദങ്ങളാണെന്നും വേദാന്തം ഘോഷിക്കുന്നു. അതിസൂക്ഷ്മമായ ഒരു ശക്തി വളൎന്നു സ്ഥൂലദൃഷ്ടികൾക്കു ഗോചരമാകുമ്പോൾ നാം അതിനു സൃഷ്ടി എന്നു പറയുന്നു. അതുതന്നെ വീണ്ടും സൂക്ഷ്മാവസ്ഥയിൽ ലയിക്കുന്നു. ഇതാണു സൃഷ്ടിയുടെ താല്പൎയ്യം. സൂക്ഷ്മാവസ്ഥ കാരണവും, സ്ഥൂലാവസ്ഥ കാൎയ്യവും ആകുന്നു. സൂൎയ്യരശ്മിയിൽ തിളങ്ങുന്ന മഴത്തുള്ളികൾ വാസ്തവത്തിൽ സൂക്ഷ്മമായ നീരാവിയുടെ സ്ഥൂലഭാവമല്ലെ? ഈ നീരാവിതന്നെ മഴത്തുള്ളികളായാൽ ഭൂമിയിൽ പതിച്ചു വീണ്ടും നീരാവിയായിത്തീരുന്നു. ഇതുതന്നെ ആണു പ്രപഞ്ചത്തിൻെറ ഒട്ടാകെയുള്ള സ്ഥിതിയും. കാരണം തന്നെയാണു വീണ്ടും കാൎയ്യമായിത്തീരുന്നതു്. സൂക്ഷ്മമായ കാരണം സ്ഥൂലമായി പ്രത്യക്ഷപ്പെടുന്നതിനെ ആണു വാസ്തവത്തിൽ ശാസ്ത്രകാരന്മാർ 'Evolution' എന്നു പറയുന്നതു്. പക്ഷെ വേദാന്തികൾ ശാസ്ത്രകാരന്മാരെ ഒരു പടി കടത്തിവെക്കുന്നു. ശൂന്യാവസ്ഥയിൽനിന്നു യാതൊരു സൃഷ്ടിയും സാദ്ധ്യമല്ല. അചേതനമായ ഒരു വസ്തുവിൽനിന്നു ചൈതന്യം ഉണ്ടാകുന്നതല്ല. ഒരു വെറും പിണ്ഡം പലവിധ പരിവൎത്തനങ്ങളുടെ ഫലമായി, അവസാനം പൂൎണ്ണമനുഷ്യനായിത്തീരുന്നുണ്ടെങ്കിൽ അതിൽ ആദ്യവസാനം മാററമില്ലാത്ത ഒരു ചൈതന്യം ലയിച്ചുകിടക്കുന്നുണ്ടു്. പിണ്ഡത്തിൽ ലയിച്ചുകിടക്കുന്ന ചൈതന്യംതന്നെയാണു പൂൎണ്ണാവസ്ഥയിൽ എത്തീട്ടുള്ള മനുഷ്യനിലും പ്രത്യക്ഷപ്പെടുന്നതു്. ചൈതന്യം ഇടയ്ക്കുണ്ടാകുന്നു എന്നു പറയുന്നതു് അബദ്ധമാണ്. പ്രപഞ്ചത്തിൽ പ്രത്യക്ഷമായി കാണുന്ന ചൈതന്യം അതിൻെറ സൂക്ഷ്മാവസ്ഥയിൽ ലയിച്ചുകിടന്നിരുന്ന ചൈതന്യത്തിൻെറ വികസനം മാത്രമാണ്. ഈ പ്രപഞ്ചചൈതന്യത്തെ ആണ് ഈശ്വരൻ എന്നു പറയുന്നതു്. ഈശ്വരൻെറ ഒരു ലീല മാത്രമാണു പ്രപഞ്ചം

ഈ ലോകത്തിൽ നാം കാണുന്ന ഭിന്നവസ്തുക്കൾ ഏകമായ ചൈതന്യത്തിൻെറ — ഈശ്വരൻെറ—ഭാവഭേദങ്ങളാണ്. പ്രപഞ്ചത്തിൻെറ മൂലകാരണവും പ്രപഞ്ചംതന്നേയും ഈശ്വരൻതന്നെയാണ്. അദ്ദേഹം അഖണ്ഡമായ ജ്ഞാനമാണ്—നിത്യമായ ആനന്ദമാണ്. മനുഷ്യർ മൃഗങ്ങൾ ചെടികൾ കല്ലുകൾ എന്നല്ല ഏററവും തുഛമായ അണുവരേയുള്ള സകല ചരാചരവസ്തുക്കളും ഈശ്വരൻെറ പ്രകാരഭേദങ്ങൾ മാത്രമാണ്. എല്ലാത്തിലും ഒരേ ഒരു തത്വംതന്നെ കുടികൊള്ളുന്നു. പ്രപഞ്ചത്തിലുള്ള ഭിന്നരൂപങ്ങളെ പരമാത്മാവിൽനിന്നു വ്യത്യസ്തമായി നാം കാണുന്നതു നമ്മുടെ അജ്ഞാനം (അവിദ്യ)കൊണ്ടാണ് എന്നു അദ്വൈതവേദാന്തം പറയുന്നു. എല്ലാം ഏകമാണെന്ന അനുഭവത്തിനു പകരം ഭിന്നമാണെന്നുള്ള അനുഭവം ഉണ്ടാകുന്നതു് ഈ അവിദ്യകൊണ്ടാണ്. നാനാത്വം സങ്കല്പമാത്രമാണ്. 'ഏകം സത്' എന്നുള്ളതാണ പരമാർത്ഥം. അതു ദേശകാലനിമിത്തങ്ങൾക്കും നാമരൂപങ്ങൾക്കും അതീതമാണ്.

ആധുനികശാസ്ത്രകാരന്മാരും മറെറാരുപ്രകാരത്തിലാണെങ്കിലും ഈ തത്വംതന്നെ സ്വീകരിക്കുന്നതിനു നിർബ്ബന്ധിതരായിത്തീർന്നിരിക്കുന്നു. വസ്തുവിനു നാശമില്ല. എല്ലാ വസ്തുക്കൾക്കും ഏക നിദാനമായ മൂലവസ്തു കണ്ടുപിടിക്കുന്നതിലുള്ള ശ്രമത്തിലാണ് അവർ ഇന്നു ഏർപ്പെട്ടിരിക്കുന്നതു്. സകല ചരാചരങ്ങളിലും സ്ഥൂലദൃഷ്ടികൾക്കു ഗോചരമല്ലാത്ത ഒരു ജീവചൈതന്യം അഥവാ സത്വഗുണം ലയിച്ചുകിടക്കുന്നു. ചെടികളിൽകൂടി ഉണ്ടെന്നു ബോസ് തുടങ്ങിയ ശാസ്ത്രജ്ഞന്മാർ കണ്ടുപിടിച്ചിട്ടുള്ള ഈ ജീവിതചൈതന്യം ആണ വേദാന്തത്തിൽ പറയുന്ന 'ചിത്ത്' ഇതു അനുഭവപ്പെടുന്നതോടുകൂടി ശാസ്ത്രത്തിൻെറ പുരോഗമനം നിലയ്ക്കുമെന്നുള്ളതു തീർച്ചതന്നെ. എല്ലാ ധാതുക്കൾക്കും കാരണമായ ഒരു മൂലധാതു കണ്ടുപിടിക്കുന്നതോടുകൂടി രസതന്ത്രത്തിൻെറ പുരോഗമനം അവസാനിക്കും. എല്ലാ ചൈതന്യങ്ങളും അവയുടെ ഏകനിദാനമായ ഒരു ചൈതന്യത്തിൻെറ ഭാവഭേദങ്ങളാണെന്ന് അനുഭവപ്പെടുന്നതോടുകൂടി പ്രകൃതിശാസ്ത്രത്തിൻേറയും പുരോഗമനം അവസാനിക്കും. ആത്മീയമായും ഭൌതികമായും ഉള്ള പരീക്ഷണങ്ങളെല്ലാം പരമമായ തത്വം കണ്ടുപിടിക്കുന്നതിനുള്ളതാണെന്ന പ്രത്യക്ഷമാണ്. ഭൌതികശാസ്ത്രത്തിൻേറയും വേദാന്തശാസ്ത്രത്തിൻേറയും അവസാനമായ തീർപ്പ് ഒന്നുതന്നെ.

'ഏകം സത് വിപ്രാ ബഹുധാ വദന്തി'

എ. കരുണാകരമേനോൻ, ബി. എ., എൽ ടി.
(വിവേകോദയം M. S.)

# മിസ്റ്റർ കറപ്പനും ഞാനും

1096 എടവം 26-ാം തിയ്യതിമുതൽക്കാണ് മിസ്റ്റർ കറപ്പനും ഞാനും ഞങ്ങളുടെ അനശ്വരസൌഹാർദ്ദത്തിൻെറ പരിപാവനരംഗത്തിൽ കാലൂന്നിയതു്. ബാലാകലേശം നാടകത്തിൻെറ കർത്താവെന്ന നിലയിൽ മി: കറപ്പനെ സംബന്ധിച്ചും അദ്ദേഹത്തിൻെറ സാഹിതീസേവനത്തെപ്പററിയും ഏതാണ്ടൊരവജ്ഞയും അനാദരവുമാണ് ആ കാലംവരെ എനിക്കുണ്ടായിരുന്നതു്. അതിനുകാരണം ശ്രീമാൻ കെ. രാമകൃഷ്ണപിള്ള അവർകളുടെ നിശിതവിമർശനത്തിൽ ഞാൻ ഭ്രമിച്ചുപോയി എന്നുള്ളതായിരുന്നു. അല്പദിവസങ്ങൾക്കുള്ളിൽ മി: കറപ്പനെപ്പററി എനിക്കുണ്ടായിരുന്ന മനോഭാവത്തിനു വലിയൊരന്തരം സംഭവിച്ചു. സംസ്കൃതഭാഷയിലും സാഹിത്യത്തിലും അദ്ദേഹത്തിനുള്ള പാണ്ഡിത്യം, മി: രാമകൃഷ്ണപിള്ള പറഞ്ഞിട്ടുള്ളതുപോലെ ശുഷ്കമല്ലെന്നും, നേരേമറിച്ചു് സ്തുത്യർഹമെന്നും എനിക്കു മനസ്സിലായി. വിമർശകന്മാരുടെ നിഴലിൽനിന്നുകൊണ്ടു് ലോകത്തെ അളക്കുമ്പോൾ പലപ്പോഴും പ്രമാദം സംഭവിക്കാമെന്നും എനിക്കു അനുഭവമായി. മി: കറപ്പനിൽ സ്വദേശാഭിമാനിക്കു അത്രമാത്രം അനാദരമുണ്ടായതെന്തുകൊണ്ടാണെന്നു ഇന്നും ഞാൻ മനസ്സിലാക്കിയിട്ടില്ല. ശ്രീമാൻ രാമകൃഷ്ണപിള്ളയുടെ വിമർശനം കറപ്പൻെറ കീർത്തിക്കു അന്നു് അതിനെത്താവുന്ന ദൂരത്തെത്തുവാനുള്ള കഴിവുണ്ടാക്കിയില്ല എന്നതു ഏറെക്കുറെ വാസ്തവമായിരുന്നു. ഈ സംഗതി ഒരവസരത്തിൽ ഞാൻ മി: കറപ്പനോടു തുറന്നുപറഞ്ഞപ്പോൾ അദ്ദേഹം പറഞ്ഞതു് ഇങ്ങനെയായിരുന്നു:— "ഞാൻ മി: രാമകൃഷ്ണപിള്ളയെ പഴിക്കുന്നില്ല. എൻെറ സമുദായമാണു ഇതിനു ഉത്തരവാദി വിദ്യാഭ്യാസമോ സംസ്കാരമോ ഇല്ലാതെ ജീവച്ഛവങ്ങളായി ജീവിക്കുന്ന ഒരു സമുദായത്തിൽ ഞാൻ ജനിച്ചതുകൊണ്ടാണു് എന്നെ അത്രത്തോളം അദ്ദേഹം പഴിക്കാൻ ധൈര്യപ്പെട്ടതു്."

സമുദായപരിഷ്കരണത്തിന് മി: കറപ്പനെ പ്രേരിപ്പിച്ചതു് ഈ ബോധമായിരിക്കണം. സമുദായാഭിവൃദ്ധിക്കും സമുന്നതിക്കും വേണ്ടി മി: കറപ്പൻ ചെയ്തിട്ടുള്ള സേവനങ്ങൾ അസംഖ്യങ്ങളും സംഭവബഹുലങ്ങളുമാകുന്നു.

ഒരേഒരു വിദ്യാലയത്തിൽ ഏറെക്കുറെ 3 കൊല്ലത്തോളം ഞങ്ങൾ സഹപ്രവർത്തകന്മാരായി കഴിഞ്ഞുകൂടി. ഈ കാലത്തിനിടക്ക് അദ്ദേഹത്തെപ്പററി പലതും അറിയുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. മി:

കറപ്പൻെറ പ്രതീക്ഷക്കും അഹ്തക്കും എതിരായി കററിപ്പുറത്തു കേശവൻ നായരവർകളെ എറണാകുളം കാളേജിലേക്കു കയററിവിട്ടപ്പോഠം മി: കറപ്പനുണ്ടായ മനോവ്യഥ അതിരററതായിരുന്നു. കേശവൻ നായരവർകഠം അദ്ദേഹത്തിനു പുതുതായി ലഭിച്ച സ്ഥാനത്തെ അലങ്കരിക്കുന്നതിനു സവ്ഥാ യോഗ്യനെന്നുള്ള സംഗതിയിലല്ല കറപ്പനവർകഠംക്കു വിഷാദമുണ്ടായതു്. തനിക്കു ന്യായമായി ലഭിക്കേണ്ട ഒരു സ്ഥാനം നഷ്ടപ്പെട്ടു എന്നതാണു് അദ്ദേഹത്തെ വേദനിപ്പിച്ചതു്. മി: കറപ്പൻെറ സ്ഥാനത്തു മറെറാരാളായിരുന്നു എങ്കിൽ ജോലി രാജികൊടുക്കുമായിരുന്നു; അദ്ദേഹം അങ്ങനെ ചെയ്യാതിരുന്നതു വാസ്തവത്തിൽ "ഇക്കാററു കാലമാകുമ്പോഠം തിരിച്ചിങ്ങോട്ടടിച്ചിടും" എന്നുള്ള പ്രമാണത്തെ അടിസ്ഥാനമാക്കിയിട്ടായിരുന്നു എന്നാണു ഞാൻ വിശ്വസിക്കുന്നതു്.

മി: കറപ്പൻ പ്രക്ഷോഭകാരിയല്ല. അദ്ദേഹത്തിനു് അഭിമുഖീകരിക്കേണ്ടിവന്നിട്ടുള്ള വിഷമപ്രശ്നങ്ങളിലും പ്രശാന്തമനഃസ്ഥിതിയേ അദ്ദേഹം കൈക്കൊണ്ടിട്ടുള്ളു. "വികാരഹേതൗ സതി വിക്രിയന്തേ യേഷാം ന ചേതാംസി ത ഏവ ധീരാഃ" എന്ന സൂക്തിരത്നത്തിൽ ദൃഢവിശ്വാസമുള്ള ഒരാളാണു് മി: കറപ്പൻ.

മി: കറപ്പൻെറ സദാചാരവശത്തെ മിഥ്യാപവാദംകൊണ്ടു കലുഷിതമാക്കാൻ ചിലർ അത്യുത്സാഹംചെയ്തിട്ടുണ്ടെന്നുള്ള കഥ വിസ്മരിക്കത്തക്കതല്ല. ഇതിനെസംബന്ധിച്ചു് ഒരിക്കൽ ഞാൻ ചിലതു പ്രസ്താവിച്ചപ്പോഠം മി: കറപ്പൻ പറഞ്ഞതു ഈ വിധമാണു്. "കേരളീയഹിന്ദുക്കളുടെ ഇടയിൽ സാവ്ത്രികമായിക്കാണുന്ന ഒരു ദോഷം ഒരു യുവാവും യുവതിയുമായി അഭിമുഖസന്ദശ്നമോ കത്തിടവാടുകളോ ഉണ്ടായാൽ അവ പ്രണയസമ്പൂത്തിക്കുള്ള യത്നങ്ങളായി വ്യാഖ്യാനിക്കാൻ ഒരു വിഷമവും ഉണ്ടാകുന്നില്ല എന്നുള്ളതാണു്. "ഗതാനുഗതികോ ലോകോ ന ലോകഃ പാരമാത്ഥികഃ" എന്നു പറഞ്ഞു അദ്ദേഹം എതിരാളികളുടെ ആക്ഷേപം ക്ഷമാപൂവ്വം കേട്ടുസഹിക്കുകയാണു ചെയ്തിട്ടുള്ളതു്. എന്തും പറയുവാനുള്ള നാവു അധീനമുള്ള ജനങ്ങളുടെ മേൽ മി: കറപ്പനെപ്പോലുള്ള ശാന്തഹൃദയന്മാക്കു എന്തുചെയ്യാനാണു കഴിയുക? എൻെറ അറിവിലും പരിചയത്തിലുംനിന്നു എനിക്കു ഒന്നുപറയുവാൻ കഴിയും; അതിതാണു്: മി: കറപ്പൻ ദയാലുവും സ്നേഹപ്രകൃതിയുമാണു്. അദ്ദേഹം ആരോടും സ്മേരവദനനായിട്ടേ സംസാരിക്കാറുള്ളു. തന്നെക്കൊണ്ടാവുന്ന സഹായങ്ങഠം മററുള്ളവക്കു ചെയ്യാൻ അദ്ദേഹം സദാപി സന്നദ്ധനുമാണു്. അസൂയാലുക്കഠംക്കു ഇതെല്ലാം മതിയല്ലോ അപവാദങ്ങഠം സൃഷ്ടിച്ചുവിടുന്നതിനു്.

ഒരു മനുഷ്യനെന്ന നിലയിൽ ചില ബലഹീനതകൾ മററുള്ള വരിൽ എന്നപോലെ കറപ്പനിലും കാണാം. പക്ഷെ അവയെ, അദ്ദേഹത്തിനെതിരായി വ്യാഖ്യാനിച്ച് അപരാധിയാക്കുന്നതു ഒരിക്കലും ഭൂഷണമായിരിക്കയില്ല.

സമുദായസേവനത്തിൽ അദ്ദേഹം ജീവിതകാലത്തിൻെറ സിംഹഭാഗവും നയിച്ചു അതുകൊണ്ടു സാഹിത്യദേവതയ്ക്കു അദ്ദേഹത്തിൽ നിന്നു കിട്ടേണ്ട സമ്പത്തു മുഴുവൻ കിട്ടാതെ പോയി എന്നുള്ളതു പരമാൎത്ഥമാണ് കൃത്യാന്തരബാഹുല്യത്തിനിടയിലും അദ്ദേഹം, കൈരളിയെ വിസ്മരിക്കുകയുണ്ടായിട്ടില്ല. മിസ്റ്റിസിസത്തിൻെറ പേരുംപറഞ്ഞു പദങ്ങളെക്കൊണ്ടു ചെപ്പടിവിദ്യ കാണിക്കാൻ മി: കറപ്പൻ ഇഷ്ടപ്പെട്ടിരുന്നുമില്ല. ആശയപ്രൗഢി, അലങ്കാരഗൗരവം, പദഗാംഭീര്യം എന്നിവയാൽ അനുഗ്രഹീതങ്ങളായ അത്യുത്തമകവിതകൾ കൊണ്ടാണ് അദ്ദേഹം കൈരളിയെ സമാരാധിച്ചിരുന്നതു്.

ഗാനകവിതകൾ എഴുതുന്നതിൽ മി: കറപ്പനുള്ള പ്രാഗത്ഭ്യം ഒന്നു വേറെതന്നെയാണ്. അദ്ദേഹത്തിൻെറ നൈഷധം നാടകത്തിലെ ഗാനങ്ങൾ ഗാനകവിത എഴുതുന്നതിൽ അദ്ദേഹത്തിനുള്ള സാമൎത്ഥ്യത്തിനു ഉദാഹരണങ്ങളാകുന്നു. മി: കറപ്പൻ നല്ലൊരു ഗായകനാണെന്നു ചുരുക്കം ചിലക്കേ അറിഞ്ഞുകൂടു. അദ്ദേഹം ഏകാകിയായിരുന്നു ഭംഗിയായി പാടുകയും താളംപിടിക്കുകയും ചെയ്യുന്നതു് ഞാൻ അറിഞ്ഞിട്ടുണ്ടു്. എറണാകുളം ബാലികാവിദ്യാലയത്തിൽ ഒരിക്കൽ 'അജചരിതം' നാടകമായി അഭിനയിക്കുകയുണ്ടായി. ആ നാടകത്തിൻെറ കൎത്താവും, നാടകത്തെ അഭ്യസിപ്പിച്ച ആളും മി: കാപ്പനാണ്. ഇന്ദുമതിയുടെ അകാലവിയോഗത്തിൽ അജൻ വിലപിക്കുന്ന ഭാഗം സ്മൎത്ത്യപുരുഷൻ ഗാനമായി എഴുതിയിട്ടുള്ളതിൽ ചില അടികൾ താഴെ ചെൎക്കാം:—

"എന്നുടെ ഗളത്തിനിനിയുടവാളേ—ഗതി
നിന്നെ വിട്ടാലുടനന്നനടയാളേ
പേരിനല്ലേ ഭൂധവൻ ഞാൻ—സുകപോലേ—എൻെറ
പേരിൽ നന്നോ പരിഭവം ഇതുപോലെ
പുഞ്ചിരിപൊഴിയുമാറു സുധചോരും ചാരു
പുഞ്ചിരി നീ പൊഴിച്ചാലും കരഭോരു."

ഈ ഗാനംകേട്ട സദസ്യർ പലരും കറപ്പൻെറ ഗാനകവിതാനിൎമ്മാണവൈദഗ്ദ്ധ്യത്തെ പ്രശംസിക്കുകയുണ്ടായിട്ടുണ്ടു് എന്നുള്ളതും വിസ്മൎത്തവ്യമാകുന്നില്ല

എല്ലാ മതങ്ങളോടും മി: കറപ്പനു അതിരററ ബഹുമാനമാണു ള്ളതു്. മുഹമ്മദുനബിയെ (സ) ഉദ്ദേശിച്ചും, യേശുദേവനെ സംബന്ധി ച്ചും അദ്ദേഹം എഴുതിയിട്ടുള്ള കവിതകൾ അദ്ദേഹത്തിൻെറ അന്യ മതാദരത്തിന്നുള്ള പ്രത്യക്ഷലക്ഷ്യങ്ങളാകുന്നു.

ഹിന്ദുമതത്തിൻെറ തീരാക്കളങ്കമായി നിലനിന്നുവരുന്ന തീണ്ട ലും തൊടിലും മി: കറപ്പനെ അതിയായി വേദനിപ്പിച്ചിരുന്നു. ഒരിക്കൽ എറണാകുളം കാസ്റ്റ് ഗറൽസ് ഹൈസ്കൂളിൽ ഒരു യാത്രയയപ്പുസൽ ക്കാരത്തിൽ മി: കറപ്പനും ഞാനും പങ്കുകൊള്ളുകയുണ്ടായി. അന്നു് അദ്ധ്യാപകലോകത്തിൽനിന്നു മി: കറപ്പനെ വേർതിരിച്ചു വിദ്യാലയത്തി ൻെറ ഒരുമൂലക്കൽ ഇരുത്തി ലഘുഭക്ഷണം നൽകി. ഈ സംരംഭം കറപ്പ നെ അസ്വസ്ഥനാക്കി. അന്നത്തെ ആ വിഭക്തജീവിതത്തിൽ എനിക്കും അല്പം വെറുപ്പുണ്ടായി. ഞാനും മിസ്റ്റർ കറപ്പനും ലഘുഭക്ഷണം കഴി ക്കാതെ മടങ്ങുകയാണുണ്ടായതു്. മേലിൽ ഇങ്ങനെ ഒരു സന്ദർഭം ഉണ്ടാ കുമ്പോൾ ഈ അസമത്വം കൂടാതെ കഴിക്കാൻ കഴിയുന്നതു ശ്രമിക്കാം എന്നു മി: കറപ്പനു ഞാൻ വാഗ്ദാനംചെയ്തു. പിന്നീടു എൻെറ സകല ശക്തിയും ബാലികമാരുടേയും, അദ്ധ്യാപികാദ്ധ്യാപകന്മാരുടേയും മനോ ഭാവത്തിനു പരിവത്തനമുണ്ടാക്കാൻ വിനിയോഗിച്ചു. തൽഫലമായി പിന്നീടുണ്ടായ വിരുന്നുകളിൽ ഞങ്ങൾ കുടുംബാംഗങ്ങളെന്നപോലെ യാണു് അവിടെ കഴിഞ്ഞുകൂടിയതു്. ശ്രീമതി അമ്പാടി കാത്ത്യായനി അമ്മ അവർകളും അക്കാലത്തു വിദ്യാലയത്തിന്നുള്ളിൽക്കാണുന്ന അന്ധ വിശ്വാസങ്ങളും അനാചാരങ്ങളും നിശ്ശേഷം വേരററുപോകാൻ യത്നി ച്ചിരുന്നു എന്നതു പരമാൎത്ഥമത്രെ.

ഗദ്യലേഖനങ്ങളെഴുതുന്നതിൽ മി: കറപ്പൻ ഒട്ടും പിന്നോക്ക മല്ല, അദ്ദേഹം സാമുദായികവും രാഷ്ട്രീയവുമായ വിഷയങ്ങളെപ്പററി പേർവെക്കാതെ ഒട്ടനേകം പ്രബന്ധങ്ങൾ എഴുതുകയുണ്ടായിട്ടുണ്ടു്. ഔ ദ്യോഗികനിലക്കു അദ്ദേഹത്തിനു അങ്ങനെ വേണ്ടിവന്നിരുന്നു എന്നതും ഏറെക്കുറെ ശരിയാണു്.

സ്വപരിശ്രമംകൊണ്ടു ഇംഗ്ലീഷുഭാഷയിൽ ഒരുവിധം അറിവു അദ്ദേഹം സമാർജ്ജിച്ചിരുന്നു. സമുദായസേവനത്തിൽ അദ്ദേഹത്തിനു മാ ൎഗ്ഗദർശനംചെയ്തിരുന്നതു് ആംഗലഭാഷയിൽ എഴുതപ്പെട്ടിട്ടുള്ള "I Serve" എന്ന ഗ്രന്ഥമാണെന്നു അദ്ദേഹം പലപ്പോഴും എന്നോടു പറയുകയുണ്ടാ യിട്ടുണ്ടു്.

വലിയ വലിയ സദസ്സുകളിൽ മി: കറപ്പൻ പ്രസംഗകനായിരുന്നിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രസംഗം അതിപ്രൌഢവും അത്ഥഭൂയിഷ്ഠവുമാണ്.

യുവകവികളെ പ്രോത്സാഹിപ്പിക്കുന്നതിൽ മി: കറപ്പൻ അതീവ കുതുകിയായിരുന്നു. ജോലിത്തിരക്കിനിടയിൽപ്പോലും യുവകവികളുടെ കൃതികൾ പരിശോധിച്ചു തെററുതീത്തുകൊടുത്തും, കാവ്യമമ്മങ്ങൾ ഉപദേശിച്ചും അദ്ദേഹം അവരെ മുന്നോട്ടുകൊണ്ടുവരാൻ യത്നിച്ചിട്ടുണ്ട്.

മി: കറപ്പൻ കേരളത്തിനും കൈരളിക്കും അഭിമാനിക്കാവുന്ന ഒരുത്തമസുഹൃത്തായിരുന്നു അരയസമുദായത്തിനു പ്രത്യേകിച്ചും ഇതര സമുദായങ്ങൾക്കും ഭാഷാസാഹിത്യത്തിനും പൊതുവേയും മി: കറപ്പന്റെ നിര്യാണം ഒരു വമ്പിച്ച നഷ്ടമാണെന്നുള്ളതു നിവ്വിവാദമാണ്. മി: കുമാരനാശാൻ പറയുന്നതുപോലെ

"മൃതിയാക്കുവരാത്തതുഴിയിൽ
കൃതികൾക്കാത്മയശസ്സുജീവിതം"

എന്നു സമാധാനിക്കയല്ലാതെ നമുക്കെന്താണൊരു നിവൃത്തിയുള്ളതു്. പരേതന്റെ ആത്മാവിനു ജഗദീശ്വരൻ നിത്യശാന്തി നൽകുമാറാകട്ടെ.

വിദ്വാൻ, ടി. കെ. രാമൻ മേനോൻ.

## ചെപ്പടിവിദ്യ.

PRESENTED BY:
SRI M. K. VASUDEVAN NAIR
MANGYAKA VEEDU
MALAYINKIL

മനമേ! ധൃതികൂട്ടിടായ്ക വിത്തം
നിനയാതങ്ങൊരിടത്തിരിയ്ക്ക സൌഖ്യം
തനതല്ല; പരന്റെയല്ലതോത്താ-
ലനയത്തിൻ വിളഭൂമിയെന്നു കാണാം. 1.

ഫലമില്ലിതനിത്യമാണു, നീയും
തുലയും നോക്കുകിലൊക്കയും നശിയ്ക്കും
ഉലകില്ലതിലുള്ളതൊന്നുമില്ലീ-
നിലനിന്നാൽ സുഖ;മന്യഥാ കുഴങ്ങും 2.

കരുതാം ദൃഢമില്ല ഭൂതമായും
വരുവാനുള്ളതുമെന്ന സൂക്ഷ്മതത്വം
നിരുപിച്ചു കിണഞ്ഞുറച്ചുവെന്നാ-
ലൊരുകാര്യത്തിലുമുള്ളിലല്ലലില്ലാ. 3.

ചതുരം തനതച്ഛനച്ഛനച്ഛൻ
മൃതുമൃത്തച്ഛനിവക്കേഴുന്ന നേട്ടം
അതുമില്ലവരും നശിച്ചുപോയെ-
ന്നതു ചിന്തിയ്ക്കുകിലല്ലലില്ലൊരാൾക്കും. 4.

തവ സുസ്ഥിരമെന്നുറച്ചിരിയ്ക്കു-
ന്നവ കാണില്ലി,വയല്ലയെന്നതെല്ലാം
ജവമത്ര വളൎന്നുവന്നു കാണും
ശിവനേ! ചെപ്പടിവിദ്യതന്നെയൊക്കെ. 6.

നടുവം മഹൻ.

—:*:—

## പ്രാചീനകേരളത്തിലെ രാജഭോഗങ്ങൾ.

ഒരു രാഷ്ട്രത്തിലെ വ്യക്തികളുടെ ജീവിതതാല്പൎയ്യങ്ങൾ അപ്പി തമായിരിക്കുന്നതു അവിടത്തെ ഭരണകൂടത്തിലാണ്. സ്വത്തിൻെറയും ജീവൻെറയും സംരക്ഷണം ഭരണകേന്ദ്രത്തിൻെറ പ്രഥമവും പ്രധാനവു മായ കൎത്തവ്യമാകുന്നു. ഇതിൻെറ നിൎവ്വഹണത്തിന്നുവേണ്ടി പ്രജകൾ ഭരണകൂടത്തിലേയ്ക്കു കൊടുക്കുന്ന ധനത്തെയാണ് രാജഭോഗമെന്നു പറ യുന്നതു്. രാജഭോഗം കൊടുക്കുകയെന്നതു ഏതൊരു പ്രജയുടേയും ധാൎമ്മി കവും നൈതികവുമായ ഒരു കൎത്തവ്യമാണ്. അതുതന്നെയാണ് ഭരണ മീമാംസകന്മാരോടൊപ്പം ധൎമ്മശാസ്ത്രകാരന്മാരും രാജഭോഗത്തിൻെറ പ്രാധാന്യത്തെപ്പററി അത്രയും ശക്തിയായി അനുശാസിക്കുന്നതു്. ആൎഷ ഭാരതം രാജഭോഗത്തിൽനിന്നു വനവാസികളായ താപസന്മാരെപ്പോലും ഒഴിവാക്കിയിരുന്നില്ല. അവരുടെ തപഃഫലത്തിൻെറ ആറിലൊരംശം അരചന്മാൎക്കു അവകാശപ്പെട്ടതായിരുന്നു. ശാകുന്തളത്തിൽ കാളിദാസൻ

'യദുത്തിഷ്ഠതി വൎണ്ണേഭ്യോ നൃപാണാം ക്ഷയി തൽ ഫലം
തപഃഷഡ്ഭാഗമക്ഷയ്യം ദദത്യാരണ്യകാ ഹി നഃ'

എന്നിങ്ങനെ ദുഷ്യന്തനെക്കൊണ്ടു പറയിച്ചിട്ടുള്ളതു നോക്കുക. പണ്ടുകാ ലത്തു് പ്രായേണ എല്ലാവ്യക്തികളിൽനിന്നും അവരുടെ പ്രയത്നഫല ത്തിൻെറ ആറിലൊരംശമാണ് ഭാരതീയരാജാക്കന്മാർ പരിഗ്രഹിച്ചിരു ന്നതു്. മുകിലാധിപത്യകാലത്തുപോലും ഈ സമ്പ്രദായം നിലനിന്നുപോ ന്നതായി കാണുന്നുണ്ടു്. ധൎമ്മശാസ്ത്രകാരന്മാരിൽ മനുവാണ് ഈ വ്യവ സ്ഥയുടെ അവതാരകൻ എന്നുതോന്നുന്നു. അദ്ദേഹം

'ആദദീതാഥ ഷഡ്ഭാഗം ദ്രുമാംസമധുസർപ്പിഷാം
ഗന്ധൗഷധിരസാനാം ച പുഷ്പമൂലഫലസ്യ ച
പത്രശാകതൃണാനാം ച ചർമ്മണാം വൈദലസ്യ ച
മൃണ്മയാനാം ച ഭാണ്ഡാനാം സർവ്വസ്യാശ്മമയസ്യ ച'

എന്നിങ്ങനെ ഈ സംഗതി വ്യക്തമായി പ്രസ്താവിച്ചിട്ടുണ്ട്. ഉല്പന്നങ്ങൾ തന്നെയാണു പണ്ടുകാലത്തു രാജഭോഗമായി കൊടുത്തിരുന്നതു്. കേരളത്തിലും ടിപ്പുവിൻെറ കാലംവരെയ്ക്കും നിലവിലുണ്ടായിരുന്ന സമ്പ്രദായം അതായിരുന്നു. നാണയങ്ങളുടെ പ്രചാരക്കുറവും ജനങ്ങളുടെ സൌകര്യവുമാണ് ഈ വ്യവസ്ഥയ്ക്കു അവലംബം.

ആധുനികരാഷ്ട്രങ്ങളിൽ മോണാക്കോ (യൂറോപ്പിൽ മദ്ധ്യധരണിക്കടലിനോടുചേൎന്നുകിടക്കുന്ന ഒരു ചെറുരാജ്യം) വിലൊഴിച്ചു മററെവിടെയും നികുതിയേർപ്പാടു നിലവിലില്ലാത്തതായി കേട്ടിട്ടില്ല. നികുതി പിരിക്കുന്നതിലും കണക്കാക്കുന്നതിലും മിക്കരാജ്യങ്ങളും വ്യത്യസ്തമാതൃകകളാണ് അംഗീകരിച്ചിട്ടുള്ളതു്. നിലനികുതിയേർപ്പാടു നിലവിലില്ലാത്ത രാഷ്ട്രങ്ങൾ ഇന്നും അപൂർവ്വമല്ല. ആൾനികുതികൊടുക്കുന്ന പതിവു പലേടത്തുമുണ്ടു്. ഉല്പന്നങ്ങൾതന്നെ രാജഭോഗമായി പുക്കിക്കുന്ന സമ്പ്രദായം ക്രമേണ കുറഞ്ഞുവരികയാണ്. പിരിപ്പാനുള്ള ചിലവു ആവുന്നതും ചുരുങ്ങിയിരിക്കണമെന്നതു നികുതിപിരിവിനെ സംബന്ധിച്ച മൌലികസിദ്ധാന്തങ്ങളിൽ പ്രധാനമായ ഒന്നാകുന്നു. ഉല്പന്നങ്ങൾ രാജഭോഗമായി സ്വീകരിക്കപ്പെടുന്ന പക്ഷം അതു പിരിക്കുന്നതിന്നും ഇതരകാൎയ്യങ്ങൾക്കു വിനിയോഗിക്കുന്നതിന്നും കൂടുതൽ ധനവ്യയം വേണ്ടിവരുമല്ലോ. ആ അധികച്ചെലവും പ്രകാരാന്തരേണ പ്രജകളിൽനിന്നുതന്നെ ഈടാക്കേണ്ടതായിവരുന്നു. ഇത്തരം അസൌകര്യങ്ങൾ ഉള്ളതുകൊണ്ടാണ് ഉൽപന്നങ്ങൾ രാജഭോഗമായി സ്വീകരിക്കപ്പെടുന്ന പതിവു ക്രമേണ ഖിലീഭവിച്ചു വരികയാണെന്നു ആദ്യമേ പറഞ്ഞതു്.

പ്രാചീനകേരളത്തിലെ നികുതിവ്യവസ്ഥയെപ്പററി എന്തെങ്കിലും പറയുന്നതിന്നുമുമ്പ് അന്നത്തെ ഭരണസമ്പ്രദായത്തെ കുറിച്ചു സാമാന്യമായി ചിലതു പ്രസ്താവിക്കേണ്ടിയിരിക്കുന്നു. ഒരുതരം പ്രജാധിപത്യസിദ്ധാന്തത്തിന്മേൽ അടിയുറപ്പിച്ചിട്ടുള്ളതായിരുന്നു ഇവിടത്തെ പുരാതന ഭരണരീതി. പ്രമാണി, ദേശവാഴി, നാടുവാഴി, രാജാവ് എന്നിങ്ങനെ യഥാക്രമം പ്രതാപംകൂടിയ നാലുതലവന്മാരുടെ കീഴിലായിരുന്നു അന്നു നാട്ടുമുഴുവനും. ദേശവാഴികളെയും നാടുവാഴികളെയും 'സ്വരൂപികൾ' എന്നും പറഞ്ഞിരുന്നു. നാടുവാഴികൾതന്നെ അയ്യായിരത്തോൻ

(അയ്യായിരം നായന്മാർ കീഴിലുള്ള ആറം) ആയിരത്തോൻ, അഞ്ഞൂറേറാൻ, മുന്നൂറേറാൻ, നൂററാൻ എന്നിങ്ങനെ അഞ്ചുതരത്തിലുണ്ടായിരുന്നു. രാജാവിനെയും സ്വരൂപികളെയും ഒഴിച്ചു മററുള്ളവരെയെല്ലാം 'മാലോകർ' എന്ന പേരുകൊണ്ടാണ് അറിഞ്ഞിരുന്നതു്. രാജാക്കന്മാരിൽ വമ്പും മുമ്പുമുള്ളവർ മററുരാജാക്കന്മാരെ തോല്പിച്ചു 'ചക്രവത്തി' മാരായി വാണുവന്നു. ഉത്തരകേരളത്തിൽ സാമൂതിരിയും മദ്ധ്യകേരളത്തിൽ കൊച്ചിരാജാവും ദക്ഷിണകേരളത്തിൽ വേണാട്ടടയോനുമാണ് ഈ വിഷയത്തിൽ ഇതരരാജാക്കന്മാരെ അനവരതം അടിച്ചമത്തിക്കൊണ്ടിരുന്നവർ.

അന്നു നാടുകൾ ദേശങ്ങളായും ദേശങ്ങൾ മുറികളായും വിഭജിക്കപ്പെട്ടിരുന്നു. ഓരോ മുറിയിലും തലമൂത്ത ഓരോ 'മൂപ്പന്മാ'രുണ്ടായിരിക്കും. മൂപ്പന്മാരുടെ തലവനാണ് ദേശത്തു പ്രമാണി. മൂപ്പന്മാരുടെയും പ്രമാണികളുടെയും സാഹായ്യത്തോടുകൂടി ദേശകാര്യങ്ങളെല്ലാം ദേശവാഴിതന്നെ നിയന്ത്രിച്ചുവന്നു. ദേശവാഴികളുടെ പ്രവൃത്തികളിൽ ന്യൂനതകളോ അന്യദേശകാര്യങ്ങളുമായി കുഴപ്പമോ ഉണ്ടാകുമ്പോൾ മാത്രമേ നാടുവാഴി സാധാരണമായി അവരുടെ (ദേശവാഴികളുടെ) അധികാരങ്ങളിലും അവകാശങ്ങളിലും കൈയ് വെലുത്തിയിരുന്നുള്ളു. ദേശത്തുള്ളവരുടെ സ്വത്തിൻെറയും ജീവൻെറയും രക്ഷയ്ക്കുവേണ്ടതെല്ലാം അതാതു ദേശക്കാർതന്നെ നിർവ്വഹിച്ചുപോന്നു. ഇതിലേയ്ക്കു ഓരോ വീട്ടുകാരും കൊടുത്തിരുന്ന രാജഭോഗത്തെയാണ് 'ഇറയും വരിയും' എന്നു പറയുന്നതു്. 'ഇറ' എന്ന പുരാതനദ്രമിഡപദത്തിന്നു് അരചൻ, അരചനുള്ള അവകാശം എന്നെല്ലാം അത്ഥമുണ്ടു്. ഓരോ വീട്ടുകാരുടെയും 'ഇറ' ക്ലിപ്തപ്പെടുത്തിയിരുന്നതു് അവരുടെ കഴിവിനെ അനുസരിച്ചുമാത്രമായിരുന്നു. അതു പിരിച്ചു പ്രമാണിയെ ഭരമേല്പിക്കേണ്ടതു് മൂപ്പന്മാരുടെ ചുമതലയാണ്. ഈ പിരിവിൽനിന്നു ചെലവുകഴിച്ചു കാലംതോറും ബാക്കിയുണ്ടാവുന്നതു് ദേശത്തിലെ ക്ഷേത്രത്തിലേയ്ക്കു മുതൽക്കൂട്ടുകയോ ദേശവാഴി അനാമത്തായി സൂക്ഷിക്കുകയോ ചെയ്തുവന്നു. അധീശശക്തി പടയിലേപ്പെടുമ്പോൾ അദ്ദേഹത്തെ 'ആളും അത്ഥവും' കൊടുത്തു സഹായിപ്പാൻ ദേശവാഴികളും നാടുവാഴികളും നിർബ്ബദ്ധരായിരുന്നു. അതിലേയ്ക്കുള്ള അത്ഥം കാലംതോറും ചെലവുകഴിഞ്ഞു സ്വരൂപിച്ചുവെക്കുന്നതിൽനിന്നാണ് എടുത്തിരുന്നതു്. അതു തികയാതെ വരുമ്പോൾ പുതിയ രാജഭോഗം ചുമത്തപ്പെട്ടിരുന്നു. എന്നാൽ സമാധാനകാലങ്ങളിൽ സാധാരണജനങ്ങൾ ആദ്യം പറഞ്ഞ ഇറയല്ലാതെ മറെറാന്നും നാട്ടുനടപ്പനുസരിച്ചു ഭരണാധികാരികൾക്കു കൊടുക്കേണ്ടിയിരുന്നില്ല.

ദേശക്കാർ കൊടുത്തിരുന്ന രാജഭോഗം (ഇറ) മിക്കവാറും അതാതു ദേശത്തുതന്നെ ചെലവാക്കിയിരുന്നുവെന്നു നാം കണ്ടുവല്ലൊ. ഈ നിലയിൽ, അരചന്മാരുടെ അന്തസ്സും പ്രതാപവും നിലനിർത്താൻ വേണ്ട ധനം അവൎക്ക് എങ്ങനെ സിദ്ധിച്ചിരുന്നു? ഇതിനുലയ്ക്കു മിക്ക രാജാക്കന്മാരും പ്രത്യേകതരം രാജഭോഗങ്ങൾ പിരിച്ചുപോന്നതായി കാണുന്നുണ്ട്. ഇത്തരം രാജഭോഗങ്ങൾ എണ്ണത്തിൽ നാല്പതിൽപുറമുണ്ടായിരുന്നു. എന്നാൽ എല്ലാവരും ഇപ്പറഞ്ഞ കരങ്ങളെല്ലാം പിരിച്ചുവന്നുവെന്നതിന്നു ലക്ഷ്യങ്ങളൊന്നുമില്ല. ചിലവ ചക്രവൎത്തിമാൎക്കുമാത്രം അവകാശപ്പെട്ടവയാണ്. മററു ചിലവയും തെക്കൻ ദിക്കുകളിൽമാത്രമേ പ്രചാരമുണ്ടായിരുന്നുള്ളു. ചിലതു സവിശേഷസന്ദൎഭങ്ങളിൽമാത്രം പിരിക്കപ്പെട്ടുന്നവയായിരുന്നു. രാജഭോഗം ഇത്രയെന്നു ക്ണപ്പപ്പെടുത്തുന്നത് രാജാക്കന്മാർതന്നെയാണ്. ചില രാജാക്കന്മാർ സ്വാതന്ത്ര്യപികളുമായി ആലോചിച്ചു നികുതി ക്ണപ്പെടുത്തിയതായും ലക്ഷ്യങ്ങൾ കാണുന്നുണ്ട്. ഏതു നിലയിലും മാലോകർക്ക് ഇക്കാൎയ്യത്തിൽ പറയത്തക്ക അഭിപ്രായസ്വാതന്ത്ര്യമൊന്നും ഉണ്ടായിരുന്നില്ലെന്നുവേണം വിചാരിക്കുക. ഇനി നമുക്കു പ്രാചീനകേരളത്തിലെ രാജഭോഗങ്ങളെന്തെല്ലാമായിരുന്നുവെന്നു പരിശോധിക്കാം.

1 അരചിറ. അരചന്മാർ കൊടുക്കുന്ന ഇറ എന്നാണ് ഇതിന്റെ അൎത്ഥം. ഇന്നു നാം കപ്പമെന്നു പറയുന്നതും ഈ അരചിറയും ഒന്നുതന്നെയാണ്. ഇതു ചക്രവൎത്തിക്കു ലഭിക്കുന്ന ഒരു പ്രധാനവരുമാനമായിരുന്നു.

2. ഊർക്കഴഞ്ച്. ഇതു ചില രാജാക്കന്മാർ വിളവുകളിൽനിന്നു ഈടാക്കിയിരുന്ന നികുതിയാണ്. ഷഷ്ഠാംശമാണ് ധൎമ്മശാസ്ത്രകാരന്മാർ അനുവദിച്ചിട്ടുള്ള രാജഭോഗമെങ്കിലും ചിലർ ഉല്പന്നങ്ങളുടെ പത്തിലൊന്നു മുതൽ പകുതിവരെയും പിരിച്ചുപോന്നതായിക്കാണുന്നുണ്ട്. കുഞ്ചൻനമ്പ്യാർ രാവണന്റെ സന്ദേശവാഹകനായ ചിത്രയോധിയെക്കൊണ്ടു കാൎത്തവീൎയ്യാർജ്ജുനനോടു "വിളവിൽ പാതി നമുക്കു തരേണം മുളകു സമസ്തവുമേല്പിക്കേണം" എന്നു പറയിച്ചിട്ടുള്ളതു് അക്കാലത്തെ ചില രാജാക്കന്മാരുടെ നികുതിപിരിവിനെക്കൂടി അനുസ്മരിച്ചിട്ടായിരിക്കണം.

3. ഏഴ. നാട്ടുനടപ്പിന്നും കീഴാചാരത്തിന്നും വിരോധമായി പ്രജകളിൽ ആരെങ്കിലും വല്ലതും പ്രവൎത്തിച്ചാൽ അവരെ നാട്ടിൽനിന്നു ബഹിഷ്കരിക്കുകയോ സമുദായത്തിൽനിന്നു തിരസ്കരിക്കുകയോ ചെയ്യു

ന്നതു് പണ്ടത്തെ ഒരു പ്രധാനചടങ്ങായിരുന്നു. അങ്ങനെ ചെയ്യുമ്പോൾ ആയാളുടെ സപത്തുക്കൾ രാജാക്കന്മാർ പിടിച്ചെടുക്കുകയാണു പതിവു്. ഇത്തരം പിടിച്ചെടുക്കപ്പെട്ട സപത്തിനെയാണു് ഏഴ എന്നു പറയുന്നതു്.

4. കുമരികല്ല്യാണം. രാജാക്കന്മാർ അറിയാതെ പെൺകൊട (വിവാഹം) പാടില്ലെന്നാണു പണ്ടത്തെ വെപ്പു്. വിവാഹം റജിസ്റ്റർ ചെയ്യുന്ന പതിവു് ആധുനികകാലത്തും ഉള്ളതാണല്ലോ. വിവാഹാവസരത്തിൽ പുക്കിക്കേണ്ട രാജഭോഗമാണു് കുമരികല്ല്യാണം. കേവലം വരവിനത്തിന്റെ നിലയിൽ മാത്രമല്ല, നാട്ടിൽ വ്യഭിചാരം നിരോധിക്കുന്നതിന്നു സഹായിച്ചിരുന്നുവെന്ന നിലയിലും ഈ നികുതിക്കു വളരെ പ്രാധാന്യമുണ്ടു്.

5. പുലയാട്ടുപെണ്ണു്. ഒരു സ്ത്രീ വ്യഭിചരിച്ചതായി തെളിഞ്ഞാൽ ബന്ധുജനങ്ങൾ അവളെ ബഹിഷ്കരിക്കുന്നു. അവൾ പിന്നെ രാജാവിന്നു അവകാശപ്പെട്ട സപത്താണു്. രാജാക്കന്മാർ അവളെ അന്യമതക്കാർക്കു വിൽക്കും. ഉത്തരകേരളത്തിൽ മഹമ്മദീയർക്കും ദക്ഷിണകേരളത്തിൽ ക്രിസ്ത്യാനികൾക്കുമാണു് സാധാരണമായി വിൽക്കപ്പെട്ടിരുന്നതു്. അങ്ങനെ വിററുകിട്ടുന്ന പണം രാജഭണ്ഡാരത്തിലേക്കു ലയിക്കുന്നു.

6. പുരുഷാന്തരം. ഒരു സ്ഥാനി മരിച്ചാൽ തൽസ്ഥാനത്തേയ്ക്കു് അവകാശപ്പെട്ട ആൾ അധീശശക്തിക്കു നിശ്ചിതമായ ഒരു സംഖ്യ കൊടുക്കണം. അതോടുകൂടിമാത്രമേ ആയാളുടെ അധികാരാവകാശങ്ങൾക്കു അധീശശക്തിയുടെ ആനുകൂല്യം സിദ്ധിക്കൂ. ഇങ്ങനെ ലഭിക്കുന്ന സംഖ്യയത്രെ പുരുഷാന്തരം.

7. തറിപ്പുടവ. ഇതു നെയ്ത്തുകാരിൽനിന്നു് ഈടാക്കിയിരുന്ന നികുതിയാണു്. ഓരോ തറിക്കും കൊല്ലംതോറും ഇത്ര പുടവ (വസ്ത്രം) രാജാവിന്നു കൊടുക്കണമെന്നു നിർബ്ബന്ധമുണ്ടായിരുന്നു.

8. അററാലടക്കം. ഒരു കുടുംബത്തിൽ പിൻതുടർച്ച്യ്ക്കു അവകാശികളില്ലാതായിത്തീർന്നാൽ ആ കുടുംബത്തിലെ സപത്തുകൾ രാജാവു അവകാശപ്പെടുന്നതാണു്. സാധാരണമായി സപരൂപികളുടെ സ്ഥാനസപത്തുക്കൾ മാത്രമേ രാജാക്കന്മാർ ഈ ഇനത്തിൽ കൈപ്പററിയിരുന്നുള്ളു. മററുള്ളവരുടെ മുതലുകൾ അവരുടെ അകന്ന ചാർച്ചക്കാർക്കു ഏല്പിച്ചുകൊടുക്കുകയായിരുന്നു പതിവു്.

9. അങ്കപ്പണം. സത്യാവിഷ്കരണത്തിന്നു അന്യമാർഗ്ഗങ്ങളില്ലാതെവരുമ്പോൾ അന്യായക്കാരനെയും പ്രതിയെയും അന്യോന്യം അങ്കംവെട്ടി യാഥാർത്ഥ്യം വെളിപ്പെടുത്തുന്നതിന്നു പണ്ടുകാലത്തു അനുവദിച്ചി

രുന്നു. അങ്കത്തിന്നിറങ്ങുന്നതിന്നുമുമ്പു ഇരുകക്ഷിയും രാജാവിന്നു ഒരു നിശ്ചിതസംഖ്യ അടിയറവെക്കണം. ആംഗലേയാധിപത്യം അടിയുറക്കുന്നതുവരെയ്ക്കും കേരളീയരാജാക്കന്മാർ അങ്കപ്പണം പിരിച്ചുപോന്നതായിക്കാണുന്നുണ്ട്.

10. ചേവുകക്കൂലി (രക്ഷാഭോഗം). ഒരു ദേശത്തിൻേറയോ ക്ഷേത്രത്തിൻേറയോ സംരക്ഷണത്തിന്നു പ്രത്യേകം ആൾസഹായം ആവശ്യമായി വന്നാൽ രാജാവ് തൻെറ കീഴിലുള്ള അന്യദേശങ്ങളിൽനിന്നു ആളുകളെ (ചേവുകരെ) അങ്ങോട്ടയച്ചുകൊടുക്കും. സാധാരണമായി പട നടക്കുന്ന കാലത്തുമാത്രമേ മാലോകർ ഈ സാഹായ്യം ആവശ്യപ്പെടാറുള്ളു. ഇതിലേയ്ക്കു കൊടുക്കുന്ന നികുതിയാണു ചേവുകക്കൂലി.

11. അടിമപ്പണം. പുരാതനകേരളത്തിൽ മാലോകർ കൃഷിയാവശ്യത്തിന്നും മററുമായി അടിമകളെ നിലനിർത്തിപ്പോരുന്ന സമ്പ്രദായം സാർവ്വത്രികമായിരുന്നു. ചെറുമക്കൾ, പറയർ മുതലായ പൂർവ്വനിവാസികളെയാണ് അടിമകളായി സ്വീകരിച്ചുപോന്നതു്. അടിമകളുടെ എണ്ണത്തിന്നനുസരിച്ചു രാജാവിന്നു കൊല്ലംതോറും 'അടിമപ്പണം' എന്ന പേരിൽ ഒരു പ്രത്യേകനികുതികൊടുക്കേണ്ടതുണ്ടായിരുന്നു.

12 മീൻപാട്ടം. മത്സ്യവ്യവസായികളിൽനിന്നു ലഭിച്ചിരുന്ന രാജഭോഗമാണു ഇതു്. പ്രസ്തുത വ്യവസായം കേരളത്തിൽ ഒരുകാലത്തു് വളരെ ഉന്നതസ്ഥിതി പ്രാപിച്ചിരുന്നു. ഉണ്ണുനീലീസന്ദേശത്തിൽ ഒരിടത്തു് എത്രയോതരം മീനുകളെപററി പ്രസ്താവിച്ചിട്ടുണ്ട്. അവയിൽ മിക്കതും കടലിൽനിന്നു കിട്ടുന്നവയാണ്. ദാശന്മാർ രാജാക്കന്മാരുടെ പ്രത്യേകം ആൾക്കാരായിട്ടാണു വിചാരിക്കപ്പെട്ടിരുന്നതു്. കടൽത്തീരത്തു വന്നടിയുന്ന വിലപ്പിടിച്ച വസ്തുക്കളെ രാജാവിന്നു ഏല്പിച്ചുകൊടുക്കേണ്ടതു് അവരുടെ ഭാരമായിരുന്നു.

13. അടിഞ്ഞതും ഉടഞ്ഞതുമായ ഉരുക്കൾ. പൊളിഞ്ഞതോ അളില്ലാതെ കരയ്ക്കുവന്ന് അടിഞ്ഞതോ ആയ കപ്പലുകൾ, പത്തേമ്മാരികൾ, വഞ്ചികൾ മുതലായ ഉരുക്കളെല്ലാം രാജാവിന്ന് അവകാശപ്പെട്ടവയാണ്. കടൽക്കരകളുള്ള രാജാക്കന്മാർക്ക്, ജലവാഹനങ്ങൾ അപരിഷ്കൃതങ്ങളായിരുന്ന പ്രാചീനകാലത്തു്, ഇതൊരു പ്രധാനപ്പെട്ട വരവിനമാണ്.

14. തുറ. കടൽത്തീരത്തെ കപ്പൽസങ്കേതങ്ങളിൽനിന്നു ലഭിക്കുന്ന രാജഭോഗമാണിതു്. കൊല്ലം, കോഴിക്കോട്ട, കൊടുങ്ങല്ലൂർ തുട

ങ്ങി കേരളത്തിൽ അന്നു പല നല്ല തുറമുഖങ്ങളുമുണ്ടായിരുന്നു. മധ്യധരണ്യാഴിയുടെ തീരപ്രദേശങ്ങളിൽനിന്നുപോലും ജനങ്ങൾ കച്ചവടത്തിന്നു വേണ്ടി കേരളത്തിൽ വന്നുചേൎന്നിരുന്ന കഥ ചരിത്രപ്രസിദ്ധമാണല്ലൊ. ഉണ്ണുനിലിസന്ദേശത്തിൽ ഒരിടത്തു് നാവികന്മാർ പലതരം രത്നങ്ങളും തിരുമുൽക്കാഴ്ചവെച്ചു ഒരു രാജാവിനെ മുഖംകാണിപ്പാൻ തിക്കിത്തിരക്കിക്കൂടുന്നതായി വൎണ്ണിച്ചിട്ടുണ്ടു്. രാജ്യാതിൎത്തിയിൽ നല്ല തുറമുഖങ്ങളുള്ള രാജാക്കന്മാൎക്കു അവവഴിയായി ഭണ്ഡാരത്തിലേയ്ക്കു ഗണ്യമായ സമ്പാദ്യമുണ്ടായിരുന്നു.

15. തട്ടാരപ്പാട്ടം. പൊൻപണിക്കാരിൽ (തട്ടാന്മാരിൽ) നിന്നു രാജാക്കന്മാർ പ്രത്യേകതരം കരം ഈടാക്കിയിരുന്നു. അതത്രെ തട്ടാരപ്പാട്ടം.

16. ആട്ടപ്പാട്ടം. ഇതു് ആട്ടക്കാരിൽനിന്നു പിരിച്ചുവന്ന നികുതിയാണെന്നു തോന്നുന്നു. ചിലരുടെ അഭിപ്രായം മൃഗനികുതിയായിരിക്കണമെന്നാണു്.

17. ചുങ്കം. ഒരുനാട്ടിൽനിന്നു മററൊരു നാട്ടിലേയ്ക്കു ഉൽപ്പന്നങ്ങളോ മററോ കൊണ്ടുപോകുമ്പോൾ അതിൎത്തികടക്കാൻ കൊടുക്കേണ്ട അവകാശം.

18. പിഴ. കുററക്കാരിൽനിന്നു പിരിച്ചെടുക്കുന്ന സംഖ്യ.

19. തരകുക്കൂലി. കച്ചവടം, കുത്തക, പണമിടപാടു മുതലായവയിൽനിന്നുണ്ടാകുന്ന ആദായത്തിന്മേൽ ചുമത്തപ്പെട്ടുന്ന നികുതി.

20. പേർപണം. രാജാക്കന്മാർ സ്വതൃപികൾക്കും മാലോകൎക്കും സ്ഥാനമാനങ്ങൾ കല്പിച്ചുകൊടുക്കുന്ന പതിവു് അന്നൊക്കെ സാധാരണമായിരുന്നു. മേനോൻ, കുറുപ്പു്, പണിക്കർ, എഴുത്തച്ഛൻ തുടങ്ങിയവയെല്ലാം അത്തരം സ്ഥാനങ്ങളാണു്. കുന്നോളം സ്വൎണ്ണത്തേക്കാളും കുന്നിയോളം സ്ഥാനത്തിന്നു കൂടുതൽ വിലകല്പിക്കുന്ന കാലമായിരുന്നു അതു്. സ്ഥാനാൎത്ഥികളിൽനിന്നു ലഭിക്കുന്ന വരുമാനമാണു് പേർപണം.

21. ഇലവാണിയപ്പാട്ടം. ചില നാടുകളിൽ എണ്ണക്കച്ചവടം രാജാവിൻെറ നിയന്ത്രണത്തിൻകീഴിലായിരുന്നു. എണ്ണക്കച്ചവടക്കാർ പ്രത്യേകം നികുതികൊടുക്കേണ്ടതുണ്ടു്. ഇതത്രെ ഇലവാണിയപ്പാട്ടം.

22. പൊന്നരിപ്പു്. പുഴയിൽനിന്നോ നീർച്ചാലുകളിൽനിന്നോ പൊന്നരിക്കുന്നവരോടു പിരിക്കുന്ന നികുതി.

23. ആനപ്പിടി. ആനയെ പോററുന്നവരിൽനിന്നു വസൂലാക്കുന്ന സംഖ്യ.

24. കോൽക്കുലി. മുഴക്കോൽ, വെള്ളിക്കോൽ മുതലായവയിൽ ചുമത്തുന്ന രാജഭോഗം.

25. അളവുപാട്ടം വടിപ്പൻ, പറ മുതലായ പാരിമാണികവസ്തുക്കളിൽനിന്നു പിരിക്കുന്ന നികുതി.

26. പണമടി. അതാതു രാജ്യത്തു അടിക്കുന്ന പണം.

27. താപ്പ്. ഒരാഠം മനഃപൂൎവ്വമല്ലാതെ എന്തെങ്കിലും അപരാധം ചെയ്തു എന്നിരിക്കട്ടെ. പിന്നീടു പശ്ചാത്താപംതോന്നി ആയാഠം അതിൻെറ പ്രായശ്ചിത്തമായി രാജാവിന്നു അടിയറവെക്കുന്ന ധനത്തെയാണു് താപ്പ് എന്നു പറയുന്നതു്.

28. അറ. അന്യായക്കാരൻെറ ആവശ്യപ്രകാരം കുററംചെയ്തുവനെന്നു സംശയിക്കപ്പെടുന്ന പുള്ളിയെ വിചാരണചെയ്തു വിധികല്പിക്കുന്നതുവരെയ്ക്കും തടവിലിടണമെങ്കിൽ ആയാഠം അതിന്നു ഒരു ക്ഌപ്തസംഖ്യ ഭരണാധികാരിയുടെ മുമ്പാകെ കെട്ടിവെക്കണം. ബന്ധനസ്ഥൻെറപേരിൽ കുററം തെളിഞ്ഞാലും ഇല്ലെങ്കിലും ഈ സംഖ്യ അന്യായക്കാരന്നു തിരിച്ചുകൊടുക്കില്ല; ഭണ്ഡാരത്തിലേക്കു മുതൽക്കൂട്ടും.

29. കോഴ. കലശലായ ക്ഷാമം ബാധിക്കയോ പടയുണ്ടാവുകയോ ചെയ്യുമ്പോഠം പതിവുപ്രകാരമുള്ള വരുമാനങ്ങാം ചെലവിന്നുമതിയാകാതെവന്നാൽ രാജാവ് പ്രജകളിൽ പണക്കാരായവരോടു നിർബ്ബന്ധപൂൎവ്വം ധനസഹായത്തിന്നാവശ്യപ്പെടാറുണ്ടു്. ഇങ്ങനെ വാങ്ങുന്ന പണത്തെ കോഴ എന്നു പറയുന്നു. ഇന്നു കൈക്കൂലി എന്ന അൎത്ഥത്തിലാണു് പ്രസ്തുത പദം പ്രയോഗിച്ചുപോരുന്നതെങ്കിലും ആ അൎത്ഥം കാലാന്തരത്തിൽ ആദ്യത്തേതിൽനിന്നു വിപരിണമിച്ചുണ്ടായതാണു്.

30. കാഴ്ചപ്പണം. രാജാവിനെ മുഖം കാണിപ്പാൻ വരുന്നവർ തിരുമുമ്പാകെ സമൎപ്പിക്കുന്ന ദ്രവ്യം.

31. ചെങ്കൊമ്പ്. മൃഗങ്ങളെയോ ആളെയോ കൊന്ന കാലികളുടെ കൊമ്പിനെയാണു് ചെങ്കൊമ്പ് എന്നു പറയുന്നതു്. ആനക്കൊമ്പും ഈ ഇനത്തിൽപെടും. ഇവ രാജാവിന്നു് അവകാശപ്പെട്ടവയാണു്.

32. അയ്മുല. അഞ്ചുമുലയുള്ള ആടു്, പശു, എരുമ എന്നീ ജീവികഠം.

33. മുമ്മുല. മൂന്നുമുലയുള്ള മുൻപറഞ്ഞ ജീവികൾ.

34. കിണററിൽപന്നി. നായാട്ടുമ്പോഴോ യാദൃച്ഛികമായോ കിണററിൽവീണ പന്നി രാജാവിന്നുള്ളതാണ്.

35. കണ്ണാടപ്പുള്ളി. ചില കാലികൾക്കു കണ്ണിന്നടുത്തു് വെളുത്ത ഒരുതരം പുള്ളിയുള്ളതായിക്കാണാം. അത്തരം കാലികളെ അവയുടെ ഉടമസ്ഥന്മാർ രാജാവിന്നേല്പിക്കണമെന്നാണ് പണ്ടത്തെ വെപ്പ്.

36. പൂവാൽ. വാലിൽ പൂവുള്ള കാലി.

37. തോൽ. നരി, മാൻ എന്നിവയുടെ തോൽ.

38 വാൽ. നരി, പുലി തുടങ്ങിയ ഹിംസ്രമൃഗങ്ങളുടെ വാൽ.

39. കൊമ്പ്. ആനക്കൊമ്പ്.

40. കൊറുക്. മാൻ, പന്നി തുടങ്ങി നായാടിപ്പിടിക്കുന്നവയും ഭക്ഷിപ്പാൻ കൊള്ളാവുന്നവയുമായ മൃഗങ്ങളുടെ കൊറുക് രാജഭോഗമായി കൊടുക്കേണ്ടതാണ്.

അപ്രധാനങ്ങളായ മററുചില നികുതികളും പുരാതനകേരളത്തിൽ നടപ്പുണ്ടായിരുന്നു. അവ ചില സമുദായികളെ മാത്രം ബാധിക്കുന്നവയാണ്. ഇറ എന്നപോലെ അത്തരം വരുമാനങ്ങളും ദേശത്തിന്റെ പൊതുവിലുള്ള ക്ഷേമത്തിന്നാണ് വിനിയോഗിച്ചിരുന്നതു്. ആശാരി, കൊല്ലൻ മുതലായ ദേശത്തിലെ തൊഴിലാളികൾ ക്ഷേത്രങ്ങളിൽ കലശം, ഉത്സവം തുടങ്ങിയവയുണ്ടാകുമ്പോൾ അതിലേയ്ക്കു പ്രത്യേകം ചില സാഹായ്യങ്ങൾ ചെയ്യാൻ ബാദ്ധ്യതപ്പെട്ടവരായിരുന്നു. ഈ സാഹായ്യങ്ങൾക്കു അവക്കു "അവകാശങ്ങൾ" ലഭിച്ചിരുന്നതുകൊണ്ടു അതൊരു നികുതിയായി ഗണിച്ചുകൂടാത്തതാണ്.

വിദ്വാൻ, ഉള്ളാട്ടിൽ ഗോവിന്ദൻകുട്ടി നായർ.



ശ്രീ ചിത്തിര തിരുനാൾ മഹാരാജാവു്
തിരുമനസ്സുകൊണ്ടു്.

Block by courtesy "The Lokaprakasam."

# ശ്രീ ചിത്തിര തിരുനാൾ മംഗളാശംസ.

സ്തോത്രം ചെയ്യാൻ സുരാധീശ്വരനഗരവരാരോഹമാക്കാകമാനം
പാത്രം, പ്രാജ്യപ്രഭാവൻ, പതിതജനപരിത്രാണപാണ്ഡിത്യശാലി,
ചൈത്രൻ, ശ്രീബാലരാമക്ഷിതിപനെയനിശം കാത്തുകൊള്ളട്ടെ സച്ചി-
ന്മാത്രൻ, സർപ്പേശതല്പൻ, സരസിരുഹപലാശേക്ഷണൻ താർക്ഷ്യകേതു.

മഹാകവി ഉള്ളൂർ.

മോദം വായ്ക്കുന്ന വേണാട്ടിന്റെ മുഴവനി:-താ, ചിത്തിരത്തമ്പുരാൻതൻ
പാദാംഭോജം പതിഞ്ഞൂ, പരമൊരിരുപതോട്ടൊമ്പതൊക്കും വയസ്സിൽ;
ഭൂതിയ്ക്കായിച്ചിരം വാണരുൾക പരിണതപ്രജ്ഞനീ യൌവനസ്ഥൻ,
നീതിക്കണ്ണുള്ള തേജസ്വിനിയിളയമഹാറാണിതന്നാദ്യപുത്രൻ!

മഹാകവി വള്ളത്തോൾ.

ക്ഷാമംകൊണ്ടുഴലും ജനത്തിലധികം സ്നേഹിക്കുമിത്തമ്പുരാൻ
ക്ഷേമം നാട്ടിലുദിക്കുവാൻ 'മുറജപം' സാധിച്ചു സിദ്ധാർത്ഥനായ്
രാമസ്വാമിദിവാനൊടൊത്തു സുചിരം ജന്മർക്ഷമുണ്ടീടുവാൻ
നാമർത്ഥിക്കുക, പത്മനാഭനിവരിൽ തൃക്കണ്ണയയ്ക്കും ദൃഢം.

നടുവത്തു മഹൻ നമ്പൂതിരി

ദാരിദ്ര്യക്കോളിരമ്പിസ്സകലരുമവതാളത്തിലാഴുമ്പൊഴുള്ളാർത്തി-
ബ്ഭാരിക്കുംവഞ്ചിയോളച്ചുഴികളിലണയാതുന്നിനിർത്തുന്ന വീരൻ
ഭൂരിശ്രീചിത്രതാരോത്ഭവനവശജനങ്ങൾക്കഭീഷ്ടങ്ങളേത്തും
വാരിക്കോരിക്കൊടുക്കും നൃപതിമണിജയിക്കേണമാകല്പകാലം.

നടുവത്തു ശങ്കരൻ നമ്പൂതിരി

സ്വകീയഗുണസഞ്ചയൈർജ്ജഗതി ചിത്രജാതാനി യഃ
കരോതി കരുണാരസസ്ഫുരണഭൂഷണോ ഭൂപതിഃ
പ്രജാവലിമനോ ഹരന്നജിതവീര്യശൌര്യോത്കരഃ
പ്രജാശ്ചിരമവത്വസാവുദയമാവഹൻ ശ്രേയസേ.

രാജർഷി സംസ്കൃതപാഠശാലാ, തൃശ്ശൂർ

ചിത്രൈർവ്വർണ്ണൈര്യസ്യ വൃത്തം സമസ്താ-
ശ്ചിത്രാകാരം ചിത്തഭിത്തൌ ലിഖന്തി
ചിത്രാതാരാശ്ലിഷ്ടദിക്പാലമൂർത്തിം
ചിത്രാഭം തം രക്ഷതാദഷ്ടമൂർത്തിഃ.

രാജർഷി വായനശാലാ, തൃശ്ശൂർ.

പൂമാതാവു പുരത്തിലും പുരുഷനാമീശൻ മനസ്സിങ്കലും
സാമോദം നിവസിക്കയാൽ മഹിതനാം ശ്രീചിത്രനക്ഷത്രജൻ
ക്ഷാമം നാട്ടിലുദിച്ചിടാതെ നിയതം കാക്കുന്ന കല്പദ്രുവാ-
യീമന്നിന്നണിയായ് ലസിക്കസുഖമൊത്താചന്ദ്രതാരം ഭുവി.

കുടമാളൂർ, കെ. കെ. ഗോപാലപിള്ള

ശ്രീ പത്മനാഭപദഭക്തനമേയദാസ-
താപാപഹൻ തരുണകല്പകവല്ലി, ധീമാൻ
ഭൂപാലമൌലിമണി വഞ്ചിവലാരി നീണാൾ
ഡീ. പീ. മഹാൻ സചിവനൊത്തു വസിച്ചിടട്ടെ.

കെ. പ്രഭാകരൻകുട്ടി

നാനാവിചിത്രവർണ്ണോജ്ജ്വലസൂനങ്ങ-
ളാനന്ദമോടെ വിടൎന്നു.
പാവനമാമൊരു നൂതനസൌരഭം
പാരിടമെങ്ങും പരന്നു.
മന്ദസമീരണൻ ദിക്കൊക്കെയും ചെന്നു
താന്തരെ മെല്ലെത്തലോടി.
പൂങ്കുയിലാനന്ദതുന്ദിലയായ്, സദാ
തൻകളഗീതിയെപ്പാടി.
കല്ലോലമാലകൾ മന്ദം മുഴക്കിനാർ
സല്ലീലമായ് മന്ദ്രതൂര്യം.
ആനന്ദമത്തരാം ലോകർതന്നാക്കൽ; ഇ-
ന്നാരാലഹോ! പരിഹാര്യം.
അഞ്ചിതസൽഗുണസഞ്ചിതനാകും, ശ്രീ-
വഞ്ചീശ്വരന്റെ ജന്മർക്ഷം,
കാണുവാനുത്സുകയായുഷഃകന്യകാ
ശ്രേണിയണെന്നെത്തിസമക്ഷം.
എങ്ങുമൊരാനന്ദമെങ്ങുമൊരുത്സവം
ഇങ്ങനെ നൽകും സുദിനം.
എന്നും ജയിക്കുവാൻ ശ്രീപത്മനാഭനോ-
ടൊന്നിച്ചപേക്ഷിക്ക നമ്മൾ.

എം. എൽ. നാരായണമേനോൻ.

"ധർമ്മോസ്മൽക്കുലദൈവ"മെന്ന നിലയാന്നിദ്ധാത്രി പാലിച്ചു സ-
ദ്ധർമ്മജ്ഞൻ മഹിതാഗ്രഗണ്യനമലൻ മല്ലാരിഭക്തോത്തമൻ
ധർമ്മക്ഷ്മാപകുലോപദേശനിലയൻ ശ്രീചിത്രതാരോത്ഭവൻ
ശർമ്മച്ചട്ടധരിച്ചുകൊണ്ടു സുചിരം വാഴേണമേ ദൈവമേ!

രാജർഷി.